കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

.

# ചിങ്ങോലി ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2017-18

.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-എ.എൽ.പി/പി7-1203/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ ജില്ല
ഫോൺ – 0477 2252753
ഇ-മെയിൽ – ddhglfalpy@gmail.com

തീയതി, 17.09.2018

ഡെപ്യൂട്ടി ഡയറക്ടർ

.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചിങ്ങോലി ഗ്രാമ പഞ്ചായത്ത്

.

സർ,

വിഷയം : ചിങ്ങോലി ഗ്രാമപഞ്ചായത്ത്- 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*******************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചിങ്ങോലി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ ഖണ്ഡികളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി-പി7-1203/2018 തീയതി, 17.09.2018

## ആലപ്പുഴ ജില്ലയിലെ ചിങ്ങോലി ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

ആലപ്പുഴ ജില്ലയിലെ ചിങ്ങോലി ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.04.2017 മുതൽ 30.6.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01.04.2017 മുതൽ 31.03.2018 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22എണ്ണത്തിനും മറുപടി ലഭിച്ചു. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്ത്വമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | ജി.ഹരികുമാർ,<br>ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 06.07.2018മുതൽ<br>17.07.2018 വരെ | ശ്രീമതി. എൻ.സുജ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്)<br>ശ്രീ.ജയകൃഷ്ണ.ആർ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ.<br>ശ്രീ.പ്രവീൺഷേണായി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ.<br>ശ്രീമതി.രാജി.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ. |

(ബി) നിർവ്വഹണാധികാരികൾ

1) പ്രസിഡന്റ്.

| | |
|---|---|
| ശ്രീ.എച്ച്.നിയാസ് | 01.4.2017 മുതൽ 31.3.18വരെ. |

സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| ക്രമ നം. | സ്റ്റാൻഡിംഗ് കമ്മറ്റി | പേര് | കാലയളവ് |
|---|---|---|---|
| 1 | ആരോഗ്യ വിദ്യാഭ്യാസം | ശ്രീ.സുരേഷ് കുമാർ. | 01.4.2017മുതൽ 31.3.18വരെ. |
| 2 | വികസനകാര്യം. | ശ്രീ.പി.ജി.ശാന്തകുമാർ. | 01.4.2017മുതൽ 31.3.18വരെ. |
| 3 | ക്ഷേമകാര്യം. | ശ്രീമതി.സജിനി. | 01.4.2017മുതൽ 31.3.18വരെ. |
| 4 | ധനകാര്യം. | ശ്രീമതി.ആനന്ദവല്ലി.എസ്. | 01.4.2017മുതൽ 31.3.18വരെ. |

2) സെക്രട്ടറി

| | |
|---|---|
| ശ്രീ. പി.സുരേഷ് പ്രഭു | 01.4.2017മുതൽ 18.6.17വരെ. |
| | 24.06.17 മുതൽ 26.11.17വരെ. |
| | 11.12.17 മുതൽ 31.3.18വരെ. |
| ശ്രീമതി.രേണുകാദേവിഅമ്മാൾ | 19.6.17 മുതൽ 23.6.17വരെ. |
| ശ്രീ.കെ.വിദ്യാധരൻ (സെക്രട്ടറി ഇൻ ചാർജ്) | 27.11.17 മുതൽ 10.12.17വരെ. |

3) മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.ബിന്ദു സാറാ എബ്രഹാം | 01.04.2017 മുതൽ 31.03.2018വരെ |
| വെറ്ററിനറി സർജൻ | ഡോ.അംബിക | 01.04.2017 മുതൽ 31.03.2018വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ലക്ഷ്മി.എസ്. നായർ. | 01.04.2017 മുതൽ 31.03.2018വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ.സുനിൽ.ആർ. | 01.04.2017മുതൽ 31.03.2018വരെ |
| മെഡിക്കൽ ഓഫീസർ (ആയൂർവേദം). | ഡോ.രജിതാശേഖർ. | 01.04.2017 മുതൽ 31.03.2018വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ.) | ഡോ.നിഷ്മാജോൺസ്. | 01.04.2017 മുതൽ 31.03.2018 വരെ |
| ഡയറി ഫാം ഇൻസ്റ്റക്ടർ. | ശ്രീ.അപ്പൻ.വി.ആർ. | 01.04.2017 മുതൽ 31.03.2018വരെ |
| ഹെഡ് മിസ്ട്രസ്സ്, ചൂരവിള എൽ.പി.എസ്. | ശ്രീമതി.ഗംഗ.പി. | 01.04.2017 മുതൽ 31.03.2018വരെ |

| | | |
|---|---|---|
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീ.അനിൽകുമാർ.കെ.<br><br>ശ്രീ.അഷറഫ്ഖാൻ | 01.04.2017 മുതൽ<br>12.10.2017 വരെ<br>13.10.2017 മുതൽ<br>31.03.2018വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.രാജീവ് കുമാർ. | 01.04.2017 മുതൽ<br>31.03.2018വരെ |
| | ശ്രീ.ജൂൾഫിൻ.എ.യോഗി. | 01.04.2017 മുതൽ<br>31.03.2018വരെ |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്. | ശ്രീ.ഹാഷിദ്.എച്ച്. | 01.04.2017 മുതൽ<br>31.03.2018വരെ |
| അസിസ്റ്റന്റ് സെക്രട്ടറി. | ശ്രീ.കെ.വിദ്യാധരൻ | 01.04.2017 മുതൽ<br>31.03.2018 വരെ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 28.03.17 തീയതിയിലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 92977979 | 91887500 |
| വാർഷിക കണക്ക് പ്രകാരം | 37118513 | 36605893 |

| | | |
|---|---|---|
| വ്യത്യാസം | 55859466 | 55281607 |

ബഡ്ജറ്റ് രൂപീകരണം മാന്വൽ നിർദ്ദേശങ്ങൾ പാലിച്ചില്ല

ബഡ്ജറ്റ് തയ്യാറാക്കുന്നതിന് വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ നോൺപ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ നേതൃത്വത്തിൽ ഘടക സ്ഥാപന മേധാവികളുടെ ഒരു യോഗം സെക്രട്ടറി വിളിച്ച ചേർക്കണമെന്നും, ഇപ്രകാരം തയ്യാറാക്കിയ ബഡ്ജറ്റ് നിർദ്ദേശങ്ങളും, സെക്രട്ടറിയുടെ ചുമതലയിലുള്ള നോൺപ്ലാൻ ബഡ്ജറ്റ് നിർദ്ദേശങ്ങളും മറ്റ് സ്റ്റാന്റിംഗ് കമ്മറ്റികൾക്ക് പരിശോധനക്കും നിർദ്ദേശങ്ങൾക്കുമായി നൽകുകയും ഇവയുടെ നിർദ്ദേശങ്ങളും ശുപാർശകളും കൂടി ഉൾപ്പെടുത്തി ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കണമെന്നും, ഇപ്രകാരമുള്ള നോൺപ്ലാൻ ചെലവുകളും വാർഷിക പദ്ധതിയുമായി സംയോജിപ്പിച്ച് ബഡ്ജറ്റ് രൂപീകരിക്കണമെന്നാണ് മാന്വൽ അനുശാസിക്കുന്നത്. എന്നാൽ ഇപ്രകാരം ഘടകസ്ഥാപനങ്ങളുടെ മീറ്റിംഗ് വിളിക്കുകയോ, അവയുടെ കണക്കുകൾ സ്വീകരിക്കുകയോ ചെയ്യാതെയാണ് ബജ്ററ് തയ്യാറാക്കിയത്. ബജറ്റ് വകയിരുത്തലും യഥാർത്ഥ വരവു ചെലവുകളുമായി ഭീമമായ അന്തരം നിലനിൽക്കുന്നു. ആയതിനാൽ തന്നെ പിന്നീട് റിവൈസ്ഡ് ബഡ്ജറ്റ് തയ്യാറാക്കേണ്ടതായി വന്നിട്ടുണ്ട്. ബഡ്ജറ്റിൽ വകയിരുത്തിയതിൽ അധികം ചെലവു സംഭവിക്കുന്നുണ്ടോ എന്നും ബഡ്ജറ്റിൽ വകയിരുത്താത്തവക്കുവേണ്ടി ചെലവു വരുന്നുണ്ടോ എന്നും നിരീക്ഷിക്കുന്നതിനുള്ള സംവിധാനം ഇല്ലാത്തത് പ്രധാന അപര്യാപ്തതയാണ്. ബഡ്ജറ്റ് സാംഖ്യബേസ്ഡ് ആക്കുന്നതുവഴി ഈ അപര്യാപ്തത ഒഴിവാക്കാൻ സാധിക്കും.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 15.05.2018. | 11.05.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

സർട്ടിഫിക്കറ്റിന്റെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം (റെസീപ്റ്റ് &പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 8843418 |
| വരവ് | 37118513 |
| ആകെ | 45961931 |
| ചെലവ് | 36605893 |
| നീക്കിയിരിപ്പ് | 9356038 |

## 1-5 ഫണ്ട് വിനിയോഗം (എസിആർ പ്രകാരം)

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്(ജനറൽ) | | 8087000 | 8087000 | 6394798 | 1692202 |
| എസ്.സി. പി | | 3123091 | 3123091 | 2103475 | 1019616 |

| | | | | | |
|---|---|---|---|---|---|
| ടി.എസ്.പി | | 41983 | 41983 | 41983 | - |
| സി.എഫ്. സി | | 3740296 | 3740296 | 2163070 | 1577226 |
| കെ. എൽ.ജി. എസ്.ഡി.പി | | 1953529 | 1953529 | 1906116 | 47413 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | | 3202000 | 3202000 | 2205042 | 996958 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | | 2591000 | 2591000 | 2573325 | 17675 |
| എൻ.ആർ. ഇ. ജി. എസ് | 36930 | 700914 | 737844 | 735005 | 2839 |
| ബി.ഫണ്ട് | | 52320 | 52320 | 52320 | |
| ദുരിതാശ്വാസഫണ്ട്. | 6287 | - | 6287 | - | 6287 |
| എസ്ബിറ്റി<br>പൈക്ക. | - | - | - | - | - |
| ട്രഷറി-ഓൺഫണ്ട്.<br>വിപിഎഫ്എ.1,11 | 1853961 | 6496186 | 8350147 | 8191946 | 158201 |
| ട്രഷറി-റ്റിഎസ്ബി<br>ജോയിന്റ് വെഞ്ച്വർ. | 500 | 823826 | 824326 | 773279 | 51047 |
| ട്രഷറി-റ്റിഎസ്ബി<br>(ജനറൽ പർപ്പസ്)+ തനതുഫണ്ട് | 6701325 | 5395000 | 12096325 | 9551392 | 2544933 |
| സാക്ഷരത. | 4840 | 148361 | 153201 | 148276 | 4925 |
| കറന്റ് അക്കൌണ്ട്. | - | 13703 | 13703 | 2124 | 11579 |
| ക്യാഷ്<br>(തനത്ഫണ്ട്.) | 122171 | | | | 85870 |
| മറ്റിനം. | 8451 | 435 | 8886 | 1371 | 7515 |
| സമ്പൂർണ്ണ ശുചിത്വ യജ്ഞം. | 108953 | 1406223 | 1515176 | 164470 | 1350706 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) |
|---|---|---|---|---|---|
| 107 | 36362643 | 76 | 21433502 | - | 31 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 36930 | 757914 | 794844 | 792005 | 2839 |
| ഗുണഭോക്താക്കൾക്ക് | - | 25243431 | 25243431 | 25243431 | - |

| | | | | | |
|---|---|---|---|---|---|
| നേരിട്ട് നൽകുന്നത്. | | | | | |

## 1-8 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 52320 | 134 |
| കർഷകതൊഴിലാളി പെൻഷൻ | 5390700 | 450 |
| വിധവാപെൻഷൻ | 5576000 | 484 |
| വാർദ്ധക്യകാലപെൻഷൻ | 10684800 | 865 |
| വികലാംഗപെൻഷൻ | 1416800 | 127 |
| അവിവാഹിതപെൻഷൻ | 597800 | 50 |
| വിവാഹധനസഹായം (വിധവകളുടെ പെൺമക്കൾക്ക്) | 60000 | 2 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.7.18ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5322/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

1-6-2016ൽ ഓഫീസ് ഓർഡർതയ്യാറാക്കി ജീവനക്കാർക്ക് ജോലി വിഭജനം നടത്തി നൽകിയിരുന്നു. ഒരു ഇടപാടിന്റെ എല്ലാഘടകങ്ങളും ഒരു ജീവനക്കാരനിൽ കേന്ദ്രീകരിക്കാത്ത രീതിയിൽ ജോലി വിഭജനം നടത്തിയിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് വഴി ലഭിക്കുന്ന തപാലുകൾ രജിസ്ട്രേഷൻ കം ഡിസ്ട്രിബ്യൂഷൻ രജിസ്റ്ററിൽ ചേർക്കുന്നുണ്ട്. എന്നാൽ തീർപ്പാക്കിയ ഫയലുകൾ പോലും സെക്ഷനുകൾ കൈപ്പറ്റിയതായി രജസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. തീർപ്പാക്കൽ വിവരവും രേഖപ്പെടുത്തുന്നില്ല. തപാലുകളുടെ കൈപ്പറ്റ് -തീർപ്പാക്കൽ വിവരങ്ങൾ കൃത്യമായി മനസിലാക്കാൻ ഇതുമൂലം സാധിക്കുന്നില്ല. ഈ അപാകത മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥൻ ശ്രദ്ധിക്കുന്നതായി കാണുന്നില്ല. സെക്ഷനുകൾ കൈപ്പറ്റുന്ന തപാലുകൾ സേവനാവകാശ നിയമം അനുശാസിക്കുന്ന സമയപരിധിക്കുള്ളിൽ തീർപ്പാക്കുന്നതിൽ വീഴ്ച വന്നിട്ടിട്ടുണ്ട്. വാർദ്ധക്യ പെൻഷൻ ഇനത്തിൽ ലഭിച്ച അപേക്ഷകൾ ഇപ്പോഴും നടപടി പൂർത്തിയാകാതെ ശേഷിക്കുന്നത് ഉദാഹരണമാണ്. സേവനാവകാശ നിയമപ്രകാരമുള്ള സമയപരിധി പാലിക്കുന്നതിനായി ജീവനക്കാരുടെ ഓരോ തലത്തിലും സമയപരിധി നിശ്ചയിച്ച് സെക്രട്ടറി ഓഫീസ് ഓർഡർ തയ്യാറാക്കിയിട്ടില്ല. സൂചിക സോഫ്റ്റ്‌വെയർ വഴി തപാൽ നീക്കം നടത്തണം എന്നിരിക്കെ ഇപ്രകാരം ചെയ്യുന്നില്ല. ജീവനക്കാർ പേഴ്സണൽ രജിസ്റ്റർ ശരിയാം വിധം സൂക്ഷിക്കുന്നുമില്ല. ഇത് ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ പ്രധാന അപാകതയായി വിലയിരുത്തുന്നു.

1. ഭരണസമതി എടുക്കുന്ന തീരുമാനങ്ങൾ പലതും നടപ്പാക്കുന്നതിൽ കാലതാമസം വരുന്നതായി കാണുന്നു. ആംബുലൻസ് ലേലവുമായി ബന്ധപ്പെട്ട് കത്തു തയ്യാറാക്കുന്നതിന് 4/ ാം തീരുമാനം

എടുത്തെങ്കിലും നാളിതുവരെ നടപ്പിലാക്കി കാണുന്നില്ല.

2. ബജറ്റ് തയ്യാറാക്കിയതു യഥാർത്ഥ വരവ്-ചെലവുമായി വലിയ അന്തരം വന്നതിനാൽ ബജറ്റ് റിവൈസ് ചെയ്തിരുന്നു.
3. ചില വരവിനങ്ങളുടെ ഡിമാന്റ് മുൻകൂർ തയ്യാറാക്കപ്പെടുന്നില്ല. ജീവനക്കാരുടെ തൊഴിൽനികുതി, ഡി.&ഒ ലൈസൻസ് ഇവയുടെ ഡിമാന്റ് തയ്യാറാക്കപ്പെടുന്നില്ല. വരവു വരുന്നത് ഡിമാന്റായി കണക്കാക്കുന്ന രീതിയാണ് സാംഖ്യയിൽ വരുന്നത്. ഇതുപ്രകാരം വരവുതന്നെ ഡിമാന്റായി പരിഗണിക്കുന്നതിനാൽ യഥാർത്ഥ ഡിമാന്റ് വിലയിരുത്തപ്പെടുന്നില്ല. വസ്തുനികുതി ഒഴികെയുള്ള നികുതികളുടെ നിർണ്ണയം ഡിമാന്റ് എന്നിവ കൃത്യമായി നിരീക്ഷിക്കപ്പെടുന്നില്ല. മുൻ വർഷങ്ങളിൽ ലൈസൻസ് എടുത്ത പല സ്ഥാപനങ്ങളും ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതും, ചില സ്ഥാപനങ്ങളുടെ തൊഴിൽനികുതി ഡിമാന്റിൽ ഉൾപ്പെടുത്താത്തതും ഉദാഹരണങ്ങളാണ്.
4. പഞ്ചായത്തിന്റെ ആസ്തികൾ സംബന്ധിച്ച വിവരങ്ങൾ കാലികമായി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നില്ല. ഇവയുടെ തുടർ പരിശോധന നടത്തുന്നില്ല. പുറംപോക്ക് ഭൂമി സംബന്ധിച്ച വിവരം കൃത്യമായി സൂക്ഷിച്ചിട്ടില്ല. ആസ്തി രജിസ്റ്ററിലെ ബന്ധപ്പെട്ട ഭാഗങ്ങൾ അപൂർണ്ണമാണ്. കാലഹരണപ്പെട്ടതും, പ്രവർത്തനരഹിതവുമായ ആസ്തികൾക്ക് പ്രത്യക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
5. വാർഷിക സ്റ്റോക്ക് ബാലൻസ് പരിശോധിച്ച് ക്ഷമതയുള്ള അധികാരി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
6. പ്രൊക്യൂർമെന്റ് മാന്വൽ അനുസരിച്ചാണ് വാങ്ങലുകൾ നടത്തുന്നതെങ്കിലും വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം ശക്തിപ്പെടുത്തേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.06.18മുതൽ 23.06.18വരെ. | 05/18 | ലഭിച്ചില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08.02.17മുതൽ 22.02.17വരെ. | 2011-12മുതൽ 2015-16വരെ. | 22.03.2017 |

## 1-12 വാർഷിക കണക്കിലെ പരിഹരിക്കപ്പെടാത്ത അപാകത

ആസ്തി രജസ്റ്റർ കാലികമാക്കിയിട്ടില്ല. ആയതിനാൽ വാർഷിക കണക്കിൽ സൂചിപ്പിച്ചിട്ടുള്ള ആസ്തികളുടെ കൃത്യത ഉറപ്പാക്കാൻ സാധ്യമല്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

- ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ അധികാര പരിധിയിൽപ്പെട്ട മേഖലകളുമായി ബന്ധപ്പെട്ട ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 തനതു വരുമാനം ആർജ്ജിക്കൽ - പഞ്ചായത്തിന്റെ പ്രവർത്തനം തൃപ്തികരമല്ല

വസ്തുനികുതി, തൊഴിൽ നികുതി, ലേലം, ഡി&ഒ ലൈസൻസ്, പെർമിറ്റ് ഫീസ്, എന്നിവയാണ് പഞ്ചായത്തിന്റെ പ്രധാന നികുതി - നികുതിയേതര വരുമാനങ്ങൾ.

16.05.17 ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ വസ്തുനികുതി കുടിശ്ശിക അടിയന്തിരമായി പിരിക്കുന്നതിന് നികുതി പിരിവ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 16.09.17, 10.10.17 തിയതികളിലെ കമ്മിറ്റികളിൽ നികുതിപിരിവ് ഊർജ്ജിതമാക്കുന്നതിനും നിർദ്ദേശം നൽകി തീരുമാനമെടുത്തിട്ടുണ്ട്. സാമ്പത്തിക വർഷം അവസാനിക്കുന്നതിന് ഏഴു ദിവസങ്ങൾ മാത്രമുള്ളപ്പോഴാണ് വസ്തുനികുതി പിരിവ് 100% ആർജിക്കുന്നതിലേക്ക് ആർ, ആർ നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശിച്ച് തീരുമാനം എടുത്തിട്ടുള്ളത്. തീരുമാനങ്ങൾ നടപ്പിലാക്കാൻ ഉദ്യോഗസ്ഥ തലത്തിലുണ്ടായ നടപടികൾ വിശദീകരിക്കപ്പെട്ടിട്ടില്ല.

പഞ്ചായത്തിലെ ആംബുലൻസ് ലേലം, ഡി & ഒ ലൈസൻസ് നടപടികൾ, ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ എന്നിവയിലൂടെയുള്ള വരുമാനം നേടുന്നതിന് നടപടികൾ ഉണ്ടായിട്ടില്ല.

വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ടെങ്കിലും കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. വസ്തുനികുതി വിശദാംശങ്ങൾക്ക് സഞ്ചയ സോഫ്റ്റ്‌വെയർ ആധാരമാക്കാമെങ്കിലും മറ്റിനങ്ങൾക്ക് രജിസ്റ്ററുകൾ എഴുതി തയ്യാറാക്കണം. ഓഡിറ്റ് അന്വേഷണം നൽകിയപ്പോഴാണ് തൊഴിൽ നികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി ഹാജരാക്കിയത്. കുടിശ്ശിക ഡിമാന്റ് രജിസ്റ്ററിന്റെ അഭാവത്തിൽ കിട്ടാനുള്ള തുകകളുടെ വിശകലനം സാധ്യമല്ല. നിശ്ചിതതുക ഡിമാന്റ് ചെയ്യാൻ കഴിയാത്തതിനാൽ വാർഷിക കണക്കിലും ജീവനക്കാരുടെ തൊഴിൽനികുതിയിനത്തിലുള്ള കുടിശ്ശിക ഉൾപ്പെടുത്താനാവില്ല. അപാകതകൾ ഉൾപ്പെടുത്തിയുള്ള പരാമർശങ്ങൾ ഒഴിവാക്കുന്നതിനായിട്ടല്ല രജിസ്റ്ററുകൾ തയ്യാറാക്കേണ്ടത്. ലഭിച്ചതും ലഭിക്കാനുള്ളതുമായ തുകകളുടെ വിശകലനം നടത്തി കിട്ടാനുള്ള മുഴുവൻ വരുമാനവും ഈടാക്കാനാകണം ശ്രദ്ധ നൽകേണ്ടത്. അതിനാൽ കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കേണ്ടതാണ്. തനത് വരവുകളുടെ വിശകലനത്തിനായി വരവിനങ്ങളുടെ രജിസ്റ്ററുകളുടെ പരിപാലനത്തിൽ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ നിരീക്ഷണം ആവശ്യമാണ്.

വിമുക്തഭടൻമാരുടേതൊഴികെ മറ്റ് കെട്ടിടങ്ങളുടെ വസ്തുനികുതി തൻവർഷം ഒഴിവാക്കിയിട്ടില്ല. വിവരശേഖരണം (ഫോറം നം.6) നടത്തി ഡേറ്റാ എൻട്രിയിലുണ്ടായ പിഴവ് കാരണമുള്ള ഒഴിവാക്കലുകൾ, നികുതി കുറക്കലുകൾ എന്നിവ മാത്രമാണ് തൻവർഷം നടത്തിയിട്ടുള്ളത്. സഞ്ചയ സോഫ്റ്റ്‌വെയറിലെ എൻട്രികളിലുള്ള പിഴവുകൾ അടിസ്ഥാന രജിസ്റ്ററുകൾ, ഫോറം നം.6, ബന്ധപ്പെട്ട ജീവനക്കാരുടെ റിപ്പോർട്ടുകൾ എന്നിവ പരിഗണിച്ച് പരിഹരിക്കുന്നതിനാവശ്യമായ നിർദ്ദേശം നൽകേണ്ടതും പ്രവർത്തന പുരോഗതി വിലയിരുത്തേണ്ടതുമാണ്.

വിസ്തൃതി കുറവും തീരദേശ മേഖലയിൽപ്പെട്ട പ്രദേശമെന്ന നിലയിലും പുതിയ വരുമാനസ്രോതസ്സുകൾ കണ്ടെത്തുക എന്നത് പ്രയാസമാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങൾക്ക് 2011 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും ചട്ടങ്ങൾ) അനുശാസിക്കും പ്രകാരം സേവന ഉപനികുതി ഏർപ്പെടുത്തുന്നത് പരിഗണിക്കാവുന്നതാണ്. പൊതുവെ വരുമാനം കുറവായിരുന്ന സ്ഥാപനത്തിന് ഹരിപ്പാട് നഗരസഭാരൂപീകരണം വഴി വരുമാനസ്രോതസ്സുകളിൽ വീണ്ടും കുറവ് വന്നു. അതിനാൽ സാധ്യമായ എല്ലാ സ്രോതസ്സുകളും കണ്ടെത്തേണ്ടതും അവയുടെ കൃത്യമായ കണക്കുൾപ്പെടുത്തുകയും ഈടാക്കുകയും ചെയ്ത് വരുമാന നഷ്ടം ഒഴിവാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഫലപ്രദമായ ഇടപെടലുകൾ ആവശ്യമാണ്.

## 2-2 ആംബലൻസ് ലേലം നടന്നില്ല. സംരക്ഷണമില്ലാതെ വാഹനം നശിക്കുന്നു

ഗ്രാമപഞ്ചായത്തിൽ ജനകീയാസൂത്രണ പദ്ധതിയിലുൾപ്പെടുത്തി വാങ്ങിയ KL-04F-2056 മാരുതി ഓമ്നി ആംബുലൻസിന്റെ ലേല നടപടികളുടെ വിവരം മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടിൽ വിശദമായി പരാമർശിച്ചിട്ടുള്ളതാണ്. ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ വാഹനത്തിന് സംരക്ഷണമേർപ്പെടുത്താൻ പോലും അധികൃതർ തയ്യാറായില്ല. വാഹനം ഇപ്പോഴും യാതൊരു സംരക്ഷണവും ഇല്ലാതെ മൃഗാശുപത്രി പരിസരത്ത് ഇട്ടിരിക്കുകയാണ്. ഓഡിറ്റ് റിപ്പോർട്ടിൽ

പരാമർശിച്ചിരുന്നിട്ടും ലേല നടപടികൾ സംബന്ധിച്ച് യാതൊരു ചർച്ചയും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയിലും ഉണ്ടായില്ല.

വാഹനം ലേലം ചെയ്യുന്നതിനുള്ള അനുമതിക്കായി 3.12.14 ൽ പഞ്ചായത്ത് ഡയറക്ടർക്ക് കത്തു നൽകിയിരുന്നു. തുടർ നടപടികളുടെ അഭാവത്തിൽ, അനുമതിക്കായി 22.04.18 ൽ വീണ്ടും പഞ്ചായത്ത് ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. ഡയറക്ടറേറ്റിൽ നിന്നും ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന് ലഭിച്ച വാക്കാലുള്ള നിർദ്ദേശം അനുസരിച്ച്, വാഹനത്തിന്റെ മൂല്യം നിർണ്ണയിച്ച് നൽകാൻ മാവേലിക്കര മെക്കാനിക്കൽ സബ്ഡിവിഷണൽ അസിസ്റ്റന്റ് എഞ്ചിനീയർക്ക് കത്ത് നൽകാൻ 07.05.2018 ലെ കമ്മിറ്റിയിൽ തീരുമാനം(4(1) നം. തീരുമാനം) എടുത്തെങ്കിലും ഓഡിറ്റ് സമയത്തും കത്ത് നൽകിയിട്ടില്ല. (ഓഡിറ്റ് അന്വേഷണം നം.4/11.07.18).

ലേല നടപടിക്രമങ്ങൾക്ക് വർഷങ്ങളുടെ ഇടവേളയാണ് ഉണ്ടായിട്ടുള്ളത് എന്നതാണ് ഫയൽ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നത്.കാലപ്പഴക്കം, സംരക്ഷണത്തിന്റെ അഭാവം എന്നിവ കാരണം വാഹനത്തിന്റെ മൂല്യം കുറയുകയാണ്. തുരുമ്പെടുത്ത് പൂർണ്ണമായും നശിക്കുമെന്നതിനാൽ എത്രയും വേഗം വാഹനം ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു. വിഷയത്തിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 2-3 പെർമിറ്റ് രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തുന്നില്ല

പെർമിറ്റ് രജിസ്റ്ററിൽ പെർമിറ്റ് നൽകുന്നത് വരെയുള്ള വിവരങ്ങൾ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. നികുതി നിർണ്ണയം വരെയുള്ള വിവരങ്ങളുടെ അഭാവത്തിൽ കെട്ടിടനിർമ്മാണം യഥാസമയം പൂർത്തിയാക്കിയത്, പെർമിറ്റ് പുതുക്കി നൽകിയത്, യഥാസമയം പുതുക്കാത്തവയിൽ ക്രമവത്ക്കരണ ഫീസ് ഈടാക്കിയത്, എന്നീ വിവരങ്ങൾ തുടർന്നുള്ള വർഷങ്ങളിൽ പരിശോധിക്കാൻ കഴിയുകയില്ല. കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയതിന്റെ വിവരം രേഖപ്പെടുത്താത്തതിനാൽ നിശ്ചിത സമയ പരിധിയായ പതിനഞ്ച് ദിവസത്തിനകം ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകുന്നുണ്ടോ എന്നതും പരിശോധിക്കാൻ കഴിയുന്നില്ല.

2014-15 വർഷത്തെ രജിസ്റ്റർ പരിശോധിച്ചതിലും പെർമിറ്റ് നൽകിയത് വരെയുള്ള വിവരങ്ങൾ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ആകെ 91 നിർമ്മാണത്തിനാണ് 2014-15 വർഷം അനുവാദം നൽകിയത്. വിശദാംശങ്ങൾക്കായി നൽകിയ ഓഡിറ്റ് അന്വേഷണം നം.22/17.07.18നുള്ള മറുപടിയിൽ, 65 കെട്ടിടങ്ങൾ നിശ്ചിത സമയത്തിനുള്ളിൽ നിർമ്മാണം പൂർത്തിയാക്കിയതായി അറിയിച്ചു. ബാക്കിയുള്ള 26 കെട്ടിടങ്ങളിൽ 6എണ്ണത്തിന്റെ തറവിസ്തീർണ്ണം 100$m^2$ ൽ താഴെയാണ്. വാർഡുകളിൽ പരിശോധന നടത്തിയതിൽ നിർമ്മാണം പൂർത്തിയാക്കി നമ്പർ ഇടാത്ത കെട്ടിടങ്ങളൊന്നും ഇല്ല എന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. 2014-15 ൽ പെർമിറ്റെടുത്തതിൽ ഒരു കെട്ടിടത്തിന്റെ പെർമിറ്റ് 2017-18 ൽ പുതുക്കിയിട്ടുണ്ട്. പെർമിറ്റ് പുതുക്കാത്ത കെട്ടിടങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഉടമസ്ഥന്റെ പേര് | തറവിസ്തീർണ്ണം | പെർമിറ്റെടുത്ത തീയതി |
|---|---|---|
| ശ്രീഭദ്രൻ/ഷൈനി, ശ്രീഭദ്രാലയം | 363.97 $m^2$. | 26.04.14 |
| കാർത്യായനി, പത്തിശേരിൽ | 126.17$m^2$ | 22.05.14 |

| | | |
|---|---|---|
| മുരളീധരൻ പിള്ള, ഹരിഭവനം | 141.64 $m^2$ | 17.07.14 |
| ഡേവിഡ്, പുത്തൻകണ്ടത്തിൽ | 219.15$m^2$ | 10.07.14 |
| രതീഷ് കുമാർ, തയ്യിൽ വീട്ടിൽ | 144.69 $m^2$ | 09.07.14 |
| രമേശൻ/വിജയമ്മ, വിജയ ഭവനം | 184.69 $m^2$ | 30.07.14 |
| രഞ്ജിത്, ശ്രീനിലയം | 145.28 $m^2$ | 05.09.14 |
| അനിൽകുമാർ.സി.<br>കൊട്ടാരത്തിൽ കിഴക്കതിൽ | 207.53 $m^2$ | 23.10.14 |
| അനൂപ് പിള്ള, ഐശ്വര്യ | 210.31 $m^2$ | 24.10.14 |
| സുഭാഷ്കുമാർ/അനിതാകുമാരി, വർണ്ണം | 151.16 $m^2$ | 17.10.14 |
| ചന്ദ്രബാബു, തേവശ്ശേരിൽ | 219.11 $m^2$ | 01.11.14 |
| സോമപ്രസാദ്, താമരശ്ശേരിൽ | 200.9 $m^2$ | 05.12.14 |
| മഹേഷ് കുമാർ/ശ്യാമ, മുല്ലശേരിൽ | 178.2 $m^2$ | 01.01.15 |
| ഹരീഷ്/ പൊന്നമ്പിളി,<br>മംഗലശ്ശേരിൽ തെക്കതിൽ | 196.67 $m^2$ | 09.03.15 |

| | | |
|---|---|---|
| സിസ്ധു.പി, പത്മാലയം | 108.01 $m^2$ | 03.01.15 |
| ശ്രീലത, കുഴിക്കാല വടക്കതിൽ | 185.52 $m^2$ | 31.01.15 |

തുടർ നടപടികൾ സ്വീകരിക്കുന്നതിലും രജിസ്റ്ററുകളുടെ സൂക്ഷിപ്പിലും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ആവശ്യമായ നിർദ്ദേശം നൽകുന്നതിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 2-4 വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവ് - പഞ്ചായത്തിന് വരുമാന നഷ്ടം

ഗ്രാമ പഞ്ചായത്തിലെ വസ്തു നികുതി സംബന്ധിച്ച അന്തിമ വിജ്ഞാപന പ്രകാരം, 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതി, 1 ചതുരശ്ര മീറ്ററിന് 60/- രൂപ നിരക്കിലാണ്. എന്നാൽ ശ്രീമതി.ശ്രീലേഖ, സുരഭി, ചിങ്ങോലി എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള XI/369-ാം നമ്പർ, 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള കെട്ടിടത്തിന്റെ വസ്തു നികുതി, ചതുരശ്ര മീറ്ററിന് 40/-രൂപ നിരക്കിലാണ് നിർണ്ണയിച്ചിരിക്കുന്നത്. വിശദാംശം ചുവടെ ചേർക്കുന്നു.

| തറവിസ്തീർണ്ണം | അടിസ്ഥാന വസ്തുനികുതി | വർദ്ധനവ് | ആകെ നിർണ്ണയിക്കാവുന്ന നികുതി | നിർണ്ണയിച്ച നികുതി | കുറവ് |
|---|---|---|---|---|---|
| 102.58 $m^2$ | 102.58x60 =6154.8 | വഴി സൌകര്യം (20%) 1230.96 | 7386 | 4924 | 2462/- |

അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.8/11.07.2018), ഡാറ്റാ എൻട്രിയിലെ അപാകത പരിഹരിച്ചെന്നും ഉത്തരവാദിയിൽ നിന്നും നികുതി കുടിശ്ശികയായി ഈടാക്കി വിവരം നൽകുന്നതാണെന്നും മറുപടി നൽകി. തുക ബന്ധപ്പെട്ട വ്യക്തിയിൽ നിന്നും ഈടാക്കി മറുപടി നൽകേണ്ടതാണ്.

## 2-5 ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി നിർണ്ണയിച്ചില്ല - നികുതി നിർണ്ണയത്തിൽ കുറവ്

VI-ാം വാർഡിൽ ശ്രീ.സഹദേവൻ, നന്ദിനി കോംപ്ലക്സ്, നങ്ങ്യാർകുളങ്ങര എന്നയാളുടെ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ നികുതി നിർണ്ണയത്തിലെ അപാകതകളുടെ വിവരം ചുവടെ ചേർക്കുന്നു.

1. താഴത്തെ നിലയിൽ 275 ചതുരശ്രമീറ്റർ തറവിസ്തീർണ്ണമുള്ള കെട്ടിടത്തിൽ 4 കടമുറികളാണ് ഉള്ളത്. ഇവക്ക് 15Aമുതൽ 15Dവരെ നമ്പരുകൾ നൽകി ഓരോ മുറികൾക്കും ആനുപാതികമായ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ പ്രത്യേകമായാണ് നികുതി നിർണ്ണയിച്ചത്. ഓരോ മുറികൾക്കും പ്രത്യേകം അസ്സസ് മെന്റ് നടത്തി ഡിമാന്റ് ചെയ്തിരിക്കുന്ന ആകെ വസ്തുനികുതി 13200/- രൂപയാണ്.

2. ഒന്നാം നിലയിൽ 275 ചതുരശ്രമീറ്റർ തറവിസ്തീർണ്ണമുള്ള കെട്ടിടത്തിലും 4കടമുറികളാണ് ഉള്ളത്. ഇവക്ക് 15E മുതൽ 15H വരെ നമ്പരുകൾ നൽകി ഓരോ മുറികൾക്കും ആനുപാതികമായ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ പ്രത്യേകമായാണ് നികുതി നിർണ്ണയിച്ചത്. ഓരോ മുറികൾക്കും പ്രത്യേകം അസ്സസ് മെന്റ് നടത്തി ഡിമാന്റ് ചെയ്തിരിക്കുന്ന ആകെ വസ്തുനികുതി 12542/- രൂപയാണ്.

ഓരോ കടമുറികൾക്കും വൈദ്യുതി കണക്ഷൻ എടുക്കുന്നതിനായി പ്രത്യേകം കെട്ടിട നമ്പർ നല്കിയിട്ടുണ്ട്. ഒരു വ്യക്തിയുടെ തന്നെ ഉടമസ്ഥതയിലുള്ള ഒറ്റ കെട്ടിടത്തിലെ മുറികളാകയാൽ ആകെ തറവിസ്തീർണ്ണം പരിഗണിച്ച് 200 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ഷോപ്പിംഗ് മാളുകളുടെ ഗണത്തിൽപ്പെടുത്തിയാണ് ഈ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയം നടത്തേണ്ടിയിരുന്നത്. ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ അന്തിമവിജ്ഞാപനമനുസരിച്ച് ഈ ഗണത്തിൽപ്പെട്ട കെട്ടിടങ്ങൾക്ക് ഒരു ചതുരശ്രമീറ്ററിന് ഈടാക്കേണ്ട വസ്തുനികുതി 80രൂപയാണ്. ഇതിനു പകരം ഓരോ മുറിയുടെയും വിസ്തീർണ്ണം പരിഗണിച്ച് വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് 100 $m^2$ വരെയും (40/$m^2$) 100$m^2$ ന് മുകളിലുമുള്ള (60/$m^2$) കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലാണ് നികുതിനിർണ്ണയിച്ചത്.

നികുതിനിർണ്ണയിച്ചതിലെ കുറവിന്റെ വിവരം ചുവടെ ചേർക്കുന്നു.

1. <u>275 ചതുരശ്രമീറ്റർ തറവിസ്തീർണ്ണമുള്ള താഴത്തെ നിലയിലെ കെട്ടിടം.</u>

| | |
|---|---|
| 200ചതുരശ്രമീറ്ററിനു മുകളിൽ തറ വിസ്തീർണ്ണമുള്ള കൊമേഴ്സ്യൽ ബിൽഡിംഗിന് ബാധകമായ ഒരുചതുരശ്രമീറ്ററിന് 80/- രൂപ പ്രകാരം 275 ചതുരശ്രമീറ്ററിന് ഈടാക്കേണ്ട വസ്തുനികുതി - | 22000/- |
| അഞ്ച് മീറ്ററിലധികം റോഡ് സൗകര്യമുള്ളതിനാൽ 20% വർദ്ധനവ് - | 4400/- |
| ആകെ നികുതി. | 22000+4400 =26400/- |
| നികുതി നിർണ്ണയിച്ചതിൽ കുറവ് . | 26400-13200 = 13200/- |

2. 275 <u>ചതുരശ്രമീറ്റർ തറവിസ്തീർണ്ണമുള്ള ഒന്നാം നിലയിലെ കെട്ടിടം.</u>

| | |
|---|---|
| 200ചതുരശ്രമീറ്ററിനു മുകളിൽ തറ വിസ്തീർണ്ണമുള്ള കൊമേഴ്സ്യൽ ബിൽഡിംഗിന് ബാധകമായ ഒരുചതുരശ്ര മീറ്ററിന് 80 /- രൂപ പ്രകാരം 275 ചതുരശ്രമീറ്ററിന് ഈടാക്കേണ്ട വസ്തുനികുതി - | 22000/- |
| ബഹുനില വാണിജ്യാവശ്യത്തിനുള്ള ഇളവ്.(6%) | 1320 |

| | |
|---|---|
| അഞ്ച് മീറ്ററിലധികം റോഡ് സൗകര്യമുള്ളതിനാൽ 20% വർദ്ധനവ് - | 4400/- |
| ആകെ നികുതി. | 22000-1320+4400 =25080/- |
| നികുതി നിർണ്ണയിച്ചതിൽ കുറവ് | 25080-12542 =12458/- |
| | |

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നം.9/11.07.18) മറുപടിയിൽ, അപാകത പരിഹരിക്കുന്നതാണെന്ന് അറിയിച്ചു. തെറ്റായ നികുതിനിർണ്ണയം വഴി പഞ്ചായത്തിന് 25658/- രൂപയുടെ കുറവ് വന്ന സാഹചര്യത്തിൽ ഉചിതമായ തുടർ നടപടികൾ സ്വീകരിക്കുന്നതിനായി വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-6 ഡി&ഒ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു - പഞ്ചായത്ത് രാജ് പ്രകാരമുള്ള അധികാരങ്ങൾ വിനിയോഗിച്ചില്ല

2017-18 വർഷം പഞ്ചായത്തിൽ പ്രവർത്തിച്ച സ്ഥാപനങ്ങളുടെ ലിസ്റ്റ് പരിശോധിച്ചതിൽ ആകെ 185 സ്ഥാപനങ്ങളുടെ പേര് വിവരങ്ങളാണ് ഉൾപ്പെടുത്തിയിരുന്നത്. ഡി&ഒ ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ 191 സ്ഥാപനങ്ങൾ തൻവർഷം ലൈസൻസ് എടുത്തിട്ടുണ്ട്. അതിൽ 13എണ്ണം തൻവർഷം പുതുതായി ആരംഭിച്ചതാണ്. മുൻവർഷം ഉണ്ടായിരുന്നതിൽ 178 സ്ഥാപനങ്ങൾ ആണ് പ്രവർത്തന അനുമതി നേടിയത് എന്നതിൽ നിന്നും ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചിരുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടില്ല എന്നതാണ് വ്യക്തമാകുന്നത്. ഇതിൽ 13 സ്ഥാപനങ്ങൾ മാത്രമാണ് പഞ്ചായത്ത് രാജ് ആക്ട് പ്രകാരം യഥാസമയം ലൈസൻസ് പുതുക്കിയിട്ടുള്ളത്. പഞ്ചായത്ത് പരിധിയിൽ മൂന്ന് ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഒരെണ്ണം മാത്രമാണ് രജിസ്ട്രേഷൻ എടുത്തിട്ടുള്ളത്. മറ്റ് രണ്ട് സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ എടുക്കുന്നതിനായി നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശവും (ഡിമാന്റ് നോട്ടീസ് നൽകിയത്) ഹാജരാക്കിയില്ല.

യഥാസമയം ലൈസൻസ് പുതുക്കാത്ത സ്ഥാപനങ്ങൾക്കെതിരെ സ്വീകരിച്ച ശിക്ഷാനടപടികളുടെ വിവരം, പിഴ ഈടാക്കാൻ നടപടികൾ സ്വീകരിച്ചതിന്റെ വിവരം എന്നിവക്ക് നൽകിയ ഓഡിറ്റ് അന്വേഷണ (നം.4/10.07.18) ത്തിന് ശിക്ഷാനടപടികൾ സ്വീകരിച്ചിട്ടില്ല എന്നും പിഴ ഈടാക്കിയിട്ടില്ല എന്നുമാണ് മറുപടി നൽകിയത്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളുടെയും വിവരം ശേഖരിക്കേണ്ടതും കേരളാ പഞ്ചായത്ത് രാജ് ആക്ട്, സെക്ഷൻ-232(1) പ്രകാരം സെക്രട്ടറി നൽകുന്ന അനുമതിയോടെയാണ് പ്രവർത്തനം നടത്തുന്നത് എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. പഞ്ചായത്ത് പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിരുന്നോ എന്നും, ഈയിനത്തിലെ വരവു പുരോഗതി സംബന്ധിച്ചും ധനകാര്യകമ്മറ്റിയിൽ ചർച്ചകളൊന്നും വന്നിട്ടില്ല. നിയമവിരുദ്ധമായി ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കാതിരുന്നതും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

## 2-7 മൊബൈൽ ടവറിന്റെ വസ്തുനികുതി ഈടാക്കിയില്ല

ആകെ അഞ്ച് ടവറുകൾ പ്രവർത്തിക്കുന്നതിൽ എസ്സാർ ടെലികമ്മ്യൂണിക്കേഷൻസ് എന്ന മൊബൈൽ ടവറിന്റെ വസ്തുനികുതി 2016-17 മുതൽ കുടിശ്ശികയാണ്. നിർണ്ണയിച്ച വസ്തുനികുതി 6000/-രൂപയാണ്. ഫയൽ പരിശോധിച്ചതിൽ ഡിമാന്റ് നോട്ടീസ് നൽകിയതിന്റെ വിവരം ലഭ്യമല്ല. 04.04.18 ൽ RR നോട്ടീസ് നൽകിയിട്ടുണ്ട്. തുടർ നടപടികളുടെ വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.10/11.07.18 നുള്ള മറുപടിയിൽ ജപ്തി നടപടികളുടെ ഭാഗമായി വാറന്റ് തയ്യാറാക്കിയിട്ടുണ്ട് എന്നാണറിയിച്ചത്. തുക

കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ നൽകേണ്ടതാണ്.

## 2-8 നികുതി-നികുതിയേതര വരുമാനം

സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ സഞ്ചയസോഫ്റ്റ് വെയറിൽ നിന്നുള്ള ഡിസിബി സ്റ്റേറ്റ്മെന്റ് പ്രകാരം വസ്തുനികുതി കുടിശ്ശിക ഇനത്തിൽ 70.86% രൂപ (ഡിമാന്റ്-1599013/-, കളക്ഷൻ-1133067/-) യും തൻവർഷ നികുതിയിനത്തിൽ 81-% രൂപ (ഡിമാന്റ്-2665259/-, കളക്ഷൻ-2150529/-)യും പിരിച്ചിട്ടുണ്ട്. മുൻവർഷത്തേതുമായി താരതമ്യം ചെയ്യുമ്പോൾ നികുതി- നികുതിയേതര വരുമാനത്തിൽ 0.8% കുറവുണ്ടായിട്ടുണ്ട്. വ്യത്യാസത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+/-) |
|---|---|---|---|---|
| നികുതി വരവുകൾ | 4473679 | 4443446 | 30233 | 0.7(-) |
| നികുതിയേതര വരവുകൾ | 329845 | 317483 | 12362 | 3.74(-) |
| ആകെ | 4803524 | 4760929 | 42595 | 0.88(-) |

നികുതി-നികുതിയേതര വരുമാനത്തിലെ കുറവ് പരിശോധിച്ച് വരുമാനം ഊർജ്ജിതമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-9 കൃഷ്ണേന്ദു ആയുർവേദ സുഖചികിത്സാലയം -കോടതി തീരുമാനത്തിന് വിധേയമായി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്

കൃഷ്ണേന്ദു ആയുർവേദ സുഖചികിത്സാ കേന്ദ്രത്തിന്റെ (VII/26) വസ്തുനികുതി ഒടുക്കുന്നതുമായി ബന്ധപ്പെട്ട് ഉണ്ടായിരുന്ന കേസുകളിൽ, കെട്ടിട ഉടമസ്ഥനെ നേരിൽ കേട്ട് നടപടിക്രമങ്ങൾ പാലിച്ച് പുതുതായി നികുതിനിർണ്ണയം നടത്താൻ കോടതി നിർദ്ദേശിച്ചു. മൂന്ന് മാസത്തിനകം നടപടികൾ പൂർത്തിയാക്കണമെന്നാണ് ബഹു.ഹൈക്കോടതി 21.11.17ലെ വിധിന്യായത്തിൽ നിർദ്ദേശിച്ചത്. തുടർന്ന് 15.02.2018ൽ ഉടമസ്ഥനെ നേരിൽ കേൾക്കുകയും നികുതി പരിഷ്കരിച്ചതിന്റെ വിശദാംശം ബോധ്യപ്പെടുത്തുകയും ചെയ്തു. ഹർജിക്കാരൻ പരാതിയും ആക്ഷേപവും സമർപ്പിക്കാതിരുന്നതിനാൽ നികുതിപരിഷ്കരണത്തിന്റെ ഭാഗമായി നിർണ്ണയിച്ച വസ്തുനികുതി (190251/-) ഈടാക്കുന്നതിന് സെക്രട്ടറിക്ക് നിർദ്ദേശം നൽകി 05.03.2018 ൽ 3(1) നം. ആയി പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തു. 17.03.18 ൽ കക്ഷിക്ക് ഡിമാന്റ് നോട്ടീസും 05.04.18 ൽ RR നോട്ടീസും നൽകി. നികുതി ഒടുക്കാതെ കെട്ടിട ഉടമസ്ഥൻ വീണ്ടും ബഹു.ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തു. (WP(C) നം.11439/18) ആയൂർവേദ ആശുപത്രികൾക്ക് ബാധകമായ നിരക്കിൽ നികുതി ഈടാക്കുന്നതിനാണ് പ്രസ്തുത കേസിൽ 03.04.2018ൽ വിധി പുറപ്പെടുവിച്ചത്. ഇതിനെതിരെ പഞ്ചായത്ത് 23.04.18 ൽ അപ്പീൽ സമർപ്പിച്ചിട്ടുണ്ട്. തുടർ നടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-10 ഇ-ടെണ്ടർ, കെ.സി.ഡബ്ല്യൂ.ഡബ്ല്യൂ.എഫ്-കളക്ഷൻ ഇനങ്ങളിൽ ഗ്രാമപഞ്ചായത്ത് വിഹിതം ലഭിച്ചില്ല

വലിയതറ-മാളിയേക്കൽ റോഡ്, കാരിശ്ശേരി-പഞ്ചായത്ത് ഓഫീസ് റീടാറിംഗ് എന്നീ പ്രവർത്തികൾ ഗ്രാമപഞ്ചായത്തിൽ ഇ-ടെണ്ടർ മുഖേനയാണ് നിർവ്വഹിച്ചിട്ടുള്ളത്. ഈ പ്രവർത്തികളിൽ ടെണ്ടർ ഫീ ഇനത്തിൽ ഗ്രാമപഞ്ചായത്തിന് എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും തുക തിരികെ ലഭിക്കുവാനുണ്ട്. ടി പ്രവർത്തികളിൽ ലഭിക്കുവാനുള്ള തുക യഥാക്രമം ₹1340/-, ₹1950/- വീതമാണ്. ഇപ്രകാരം ആകെ 3290/- രൂപ ഗ്രാമപഞ്ചായത്തിന് ലഭിക്കാൻ ബാക്കിനില്പുണ്ട്.

കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ് ആക്ട്, 1996 പ്രകാരം

പ്രവർത്തികളിൽ കിഴിവ് വരുത്തുന്ന കെ.സി.ഡബ്ല്യു.ഡബ്ല്യു.എഫ് ഇനത്തിലുള്ള തുകയുടെ 1% തുക തദ്ദേശ സ്ഥാപനത്തിന് കളക്ഷൻ ചാർജ്ജായി ലഭിക്കുന്നതാണ്. ഗ്രാമപഞ്ചായത്തിൽ തൻവർഷം നടപ്പാക്കിയിട്ടുള്ള പ്രോജക്ടുകളിൽ ഇപ്രകാരം ആകെ 51,762/-രൂപ കെ.സി.ഡബ്ല്യു.ഡബ്ല്യു.എഫ് ഇനത്തിൽ ഒടുക്കിയിട്ടുണ്ട്. ഇതിന്മേൽ പഞ്ചായത്തിന് ലഭിക്കാനുള്ള കളക്ഷൻ ചാർജ്ജ് 518/-രൂപയാണ്. ആയത് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കൃഷി

A. സ്റ്റാറ്റസ് റിപ്പോർട്ട് അടിസ്ഥാനമാക്കാതെ പ്രോജക്ട് രൂപീകരണം

ചിങ്ങോലി ഗ്രാമ പഞ്ചായത്ത് സ്റ്റാറ്റസ്സ് റിപ്പോർട്ടിൽ കൃഷിമേഖലയുമായി ബന്ധപ്പെട്ട രേഖകൾ അപൂർണ്ണമാണെന്നു കാണുന്നു. ജലസേചന സൌകര്യം സംബന്ധിച്ച സ്ഥിതിവിവരക്കണക്കുകൾ പൂർണ്ണമല്ല. കർഷക തൊഴിലാളി ലഭ്യത, കാർഷിക ഉപകരണങ്ങൾ കർഷക തൊഴിലാളികളുടെയും, കർഷകരുടേയും വിവരങ്ങൾ എന്നിവ സ്റ്റാറ്റസ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടില്ല.

സ്റ്റാറ്റസ്സ് റിപ്പോർട്ട് പ്രകാരം കൃഷിഭൂമി സംബന്ധമായ വിവരണം താഴെ പറയും പ്രകാരമാണ്.

| | |
|---|---|
| ആകെ ഭൂവിസ്തൃതി | 660ഹെക്ടർ |
| കൃഷിക്ക് അനുയോജ്യമായ ഭൂമി | 400ഹെക്ടർ |
| കൃഷി ചെയ്യുന്ന വിസ്തൃതി | 300ഹെക്ടർ |
| കൃഷിചെയ്യാത്ത കൃഷി ഭൂമി | 100ഹെക്ടർ |
| തരിശുഭൂമി | 100ഹെക്ടർ |
| കൃഷിയോഗ്യമായ തരിശ് | 80 |
| കൃഷിയോഗ്യമല്ലാത്ത തരിശ് | 20 |
| നെൽവയലുകൾ | 100ഹെക്ടർ |
| കൃഷിയോഗ്യമായ വിസ്തൃതി | 20ഹെക്ടറും, |
| കൃഷിചെയ്യുന്ന വിസ്തൃതി | 1.ഹെക്ടറും, |
| കൃഷിയോഗ്യമാണെങ്കിലും ചെയ്യാത്തവ | 19 ഹെക്ടർ |
| കൃഷിയോഗ്യമല്ലാത്ത വിസ്തൃതി | 80ഹെക്ടറും, |

100ഹെക്ടർ കൃഷിക്ക് ഉപയോഗിക്കാവുന്ന ഭൂമി ഉപയോഗപ്പെടുത്തുന്നില്ലെന്നും, ഇതുകൂടാതെ 80ഹെക്ടർ തരിശുപ്രദേശം കൃഷിക്ക് ഉപയുക്തമാക്കാവുന്ന തരത്തിലുള്ളതായും റിപ്പോർട്ട് വ്യക്തമാക്കുന്നു. ഈ പ്രദേശങ്ങൾ കൃഷിക്ക് ഉപയുക്തമാക്കാനുള്ള മാർഗ്ഗങ്ങൾ ചർച്ചചെയ്യപ്പെട്ടിട്ടില്ല. 100 ഹെക്ടർ നെൽവയലുകൾ

ഉള്ളതിൽ കൃഷിക്ക് ഉപയുക്തമല്ലാത്ത 80ഹെക്ടർ വെറെ എന്തെങ്കിലും കൃഷി ആവശ്യങ്ങൾക്ക് ഉപയുക്തമാക്കാൻ സാധിക്കുമോഎന്ന വിവരം പഠനവിധേയമാക്കിയിട്ടില്ല. 19ഹെക്ടർ കൃഷിക്ക് ഉപയുക്തമായ നെൽവയലുകൾ ഉണ്ടായിട്ടും അതിൽ 1 ഹെക്ടർ മാത്രമാണ് നെൽകൃഷി നടത്തുന്നത്. 2017-18 വർഷം നെൽകൃഷിക്കായി പ്രോജക്ടുകൾ ഒന്നും തന്നെ തയ്യാറാക്കാൻ കഴിഞ്ഞില്ല. ഒരു കൃഷിയും നടത്താൻ സാധിക്കാത്ത 20 ഹെക്ടർ സ്ഥലത്ത് സാമൂഹ്യവനവത്കരണം പോലുള്ള പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് ശ്രമിച്ചിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് മിനിട്സ് പ്രകാരം 9-2-2018ൽ യോഗം കൂടിയതായി ഹാജർ രേഖപ്പെടുത്തിയിട്ടുണ്ട് എങ്കിലും ചർച്ചകളോ തീരുമാനങ്ങളോ രേഖപ്പെടുത്തിയിട്ടില്ല.

| കൃഷി പ്രോജക്ടുകൾ | തുക |
|---|---|
| ഇടവിളകൃഷി,കുരുമുളക് | 934200 |
| കാർഷിക പുനരുദ്ധാരണം (ഇടവിള+ഫലവൃക്ഷം) | 96750 |
| ആകെ | 1030950 |

തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 65ഹെക്ടർ തരിശുപ്രദേശം കൃഷിക്കു ഉപയുക്തമാക്കുന്നതിനായി 5892003രൂപ ചെലവഴിച്ചിരുന്നു. 10ലക്ഷം രൂപയോളം ഇടവിളകൃഷിക്കായി പദ്ധതി വിഹിതവും ചെലവഴിച്ചിരുന്നു. എന്നാൽ വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമതികളായി മാറുകയോ പ്രോജക്ടുകൾ മോണിറ്റർ ചെയ്യുകയോ ചെയതിട്ടില്ല. ആയതിനാൽ ഇത്രയധികം തുക ചെലവഴിച്ചെങ്കിലും കാർഷിക ഉത്പാദനത്തിൽ എന്തു വർദ്ധനവു സംഭവിച്ചു എന്നത് വിലയിരുത്തപ്പെട്ടില്ല. വികസന സ്റ്റാന്റിംഗ് കമ്മറ്റിയുടെ ചുമതലാ നിർവ്വഹണത്തിലെ പ്രധാന വീഴ്ചയായി ഇത് ഓഡിറ്റിൽ വിലയിരുത്തുന്നു.

B.നെൽ കൃഷിമേഖലയിലെ പ്രധാന പ്രശ്നം.-പരിഹാര നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച

10,11,12,13,1 വാർഡുകളിൽ കായംകുളം കായലിൽ നിന്നും ഉപ്പുവെള്ളം കയറി കൃഷി നശിക്കുന്നതാണ് പ്രധാന പ്രശ്നം. ഇതിനു പരിഹാരം ഓരു മുട്ടുകളാണ്. നടപ്പ് വർഷം 120000/-രൂപ റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്ന് ഇതിനായി വകയിരുത്തിയെങ്കിലും 32428/- രൂപമാത്രമാണ് ചെലവഴിച്ചത്. പ്രഥമ പരിഗണ നൽകി നടപ്പാക്കേണ്ടിയിരുന്ന പ്രോജക്ടിന് യാതൊരു പ്രധാന്യവും നൽകാതിരുന്നത് വികസന സ്റ്റാന്റിംഗ് കമ്മറ്റിയുടെയും മോണിറ്ററിംഗ് സമതിയുടേയും ചുമതലാ നിർവ്വഹണത്തിലെ പ്രധാന വീഴ്ചയായി ഓഡിറ്റിൽ വിലയിരുത്തുന്നു. തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെടുത്തി ഈ പ്രവർത്തികൾ ആസൂത്രണം ചെയ്യുന്നത് പദ്ധതിപ്പണം മറ്റു വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാൻ സഹായകമാകും.

3.1.2 മൃഗസംരക്ഷണം

A. വെറ്ററിനറി സർജൻ നിർവ്വഹിച്ച പ്രോജക്ടുകൾക്ക് മതിയായ ഗുണഭോക്താക്കൾ ഇല്ല, മോണിറ്ററിംഗ് നടത്തപ്പെടുന്നില്ല

ഉല്പാദന മേഖലയിൽ ഉൾപ്പെടുന്ന മൃഗസംരക്ഷണ മേഖലയിൽ വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ ആയിരുന്നു മുട്ടക്കോഴി- ആട് വിതരണ പ്രോജക്ടുകൾ. എസ്.സി വനിത&ജനറൽ വനിതാ പ്രോജക്ടുകൾ ആയാണ് ഇവ നിർവ്വഹിക്കപ്പെട്ടത്. എന്നാൽ ടി പ്രോജക്ടുകളിൽ അടങ്കലിൽ ഉദ്ദേശിച്ചത്ര ചെലവ് വന്നിട്ടില്ലെന്നും ഉദ്ദേശിച്ചത്ര ഗുണഭോക്താക്കൾക്ക് ആനുകൂല്യം നല്കിയിട്ടില്ലെന്നും കാണുന്നു. വിശദാംശം ചുവടെ:

| പ്രോജക്ടിന്റെ പേര് | ആകെ അടങ്കൽ | ചെലവഴിച്ച തുക | പ്രോജക്ടിൽ ഉദ്ദേശിച്ചിട്ടുള്ളത് | എത്ര ഗുണഭോക്താക്കൾക്ക് |
|---|---|---|---|---|

| | | (വികസനം+ ഉ.വി) | എത്ര ഗുണഭോക്താക്കൾക്ക് എന്ന് | ആനുകൂല്യം നല്കി എന്ന് |
|---|---|---|---|---|
| വനിതകൾക്ക് (എസ്.സി) മുട്ടക്കോഴി വിതരണം | 94500 | 49633 | 189 | 141 |
| വനിതകൾക്ക് (ജനറൽ) മുട്ടക്കോഴി വിതരണം | 270000 | 242100 | 882 | 600 |
| വനിതകൾക്ക് (എസ്.സി) ആട് വിതരണം | 396000 | 178200 | 66 | 27 |
| വനിതകൾക്ക് (ജനറൽ) ആട് വിതരണം | 313200 | 248400 | 117 | 29 |

പ്രോജക്ടുകളുടെ രൂപീകരണ ഘട്ടത്തിൽ ആവശ്യമായ കണക്കുകൂട്ടലുകൾ നടത്താതെ വരുന്നത് മൂലമാണ് ഇപ്രകാരം സംഭവിക്കുന്നതെന്ന് വ്യക്തമാണ്. ഗ്രാമസഭാ മിനുറ്റ്സ് പരിശോധിച്ചതിൽ ടി പ്രോജക്ടുകളിൽ ആവശ്യത്തിലേറെ അപേക്ഷകരുണ്ടായിരുന്നുവെന്ന് കാണുന്നുണ്ട്. എന്നിരിക്കെ ഉപഭോക്താക്കളുടെ സന്നദ്ധത വിലയിരുത്തുന്നതിലും ശരിയായി സ്ക്രീനിംഗ് നടത്തുന്നതിലും വന്നിട്ടുള്ള പാകപ്പിഴവുകൾ പരിഹരിക്കേണ്ടതുണ്ട്. മൃഗസംരക്ഷണവും ക്ഷീരവികസനവും സംബന്ധിച്ച വർക്കിംഗ് ഗ്രൂപ്പ് 28.02.2017 ന് ശേഷം 09.02.2018ൽ 2018-19വർഷത്തെ പദ്ധതിയുമായി ബന്ധപ്പെട്ടാണ് കൂടിയിട്ടുള്ളത് എന്ന് കാണുന്നു. ഓഡിറ്റ് വർഷത്തെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൂടിയ ഏക വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗിൽ (28.02.2017) യാതൊരു ചർച്ചകളും നിർദ്ദേശങ്ങളും ഉണ്ടായിട്ടില്ലെന്നാണ് കാണുന്നത്. മിനുറ്റ്സ് പ്രകാരം ആകെ ഹാജർ രേഖപ്പെടുത്തൽ മാത്രമാണ് അവിടെ നടന്നിട്ടുള്ളത് എന്ന് കാണുന്നു. പ്രോജക്ടുകളുടെ മോണിറ്ററിംഗ് നിലവിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ ഉത്തരവാദിത്തമാണെന്നിരിക്കിലും പ്രോജക്ട് മോണിറ്ററിംഗും നടത്തപ്പെട്ടിട്ടില്ല. ഗ്രാമസഭകളും, വർക്കിംഗ് ഗ്രൂപ്പുകളും, സ്റ്റാന്റിംഗ് കമ്മിറ്റികളും ശാക്തീകരിച്ചുകൊണ്ട് ആവശ്യമായ പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.

3.1.3 പൊതുമരാമത്ത്

ഗ്രാമപഞ്ചായത്തിൽ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനവും കാര്യക്ഷമമല്ലെന്ന് കാണുന്നു. പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ മിനുറ്റ്സ് പുസ്തകം പരിശോധിച്ചതിൽ 2017-18 വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട് 2 യോഗം മാത്രമാണ് കൂടിയിട്ടുള്ളത്. യോഗങ്ങളിൽ യാതൊരു ചർച്ചയും നടന്നതായി കാണുന്നില്ല. ഏതാനും പേരുടെ ഹാജർ രേഖപ്പെടുത്തിയതായി മാത്രമാണ് കാണുന്നത്. ഹാജർ രേഖപ്പെടുത്തി ശേഷിക്കുന്ന ഭാഗം ഒഴിച്ചിട്ടിരിക്കുന്നതായാണ് കാണുന്നത്. നിർവ്വഹണം ചെയ്യപ്പെട്ട പ്രോജക്ടുകൾ വർക്കിംഗ് ഗ്രൂപ്പ് തുടർനിരീക്ഷണം (follow up) ചെയ്യുന്നില്ല. പ്രോജക്ട് രൂപീകരണ ശേഷം മോണിറ്ററിംഗ് സമതികളായി മാറേണ്ടതും പ്രവർത്തികളുടെ മോണിറ്ററിംഗ് നടത്തേണ്ടതും വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലയാണെന്നിരിക്കെ ഈ കടമയും വർക്കിംഗ് ഗ്രൂപ്പ് നിർവ്വഹിച്ചിട്ടില്ല. പൊതുമരാമത്ത് പ്രോജക്ടുകളിൽ ഒന്നും തന്നെ മോണിറ്ററിംഗ് റിപ്പോർട്ടുകൾ ഉൾപ്പെടുത്തിയിട്ടുമില്ല.

പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന് കീഴിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഓഡിറ്റ് വർഷം നടപ്പാക്കുന്നതിന് ആകെ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ 42 എണ്ണം ആയിരുന്നു. എന്നാൽ ഇതിൽ 18പ്രോജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത് (42%), അതേ പോലെ ആകെ അടങ്കൽ 1,36,97,096/- രൂപയായിരിക്കെ ആകെ ചെലവായിട്ടുള്ളത് 56,91,119/-രൂപയാണ് (അടങ്കലിന്റെ 42%) മതിയായ ആസൂത്രണമില്ലാതെ പദ്ധതികൾ ഏറ്റെടുക്കുന്നത് മൂലമാണ് പ്രവർത്തികൾ ഏറ്റെടുക്കുന്നതിലും ചെലവ് ചെയ്യുന്നതിലും വീഴ്ച സംഭവിക്കുന്നത് എന്നതിന് തെളിവാണിത്.

പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പുമായി ബന്ധപ്പെട്ടുള്ള പ്രോജക്ടുകളിലെ അപാകതകൾ ചുവടെ ചേർക്കുന്നു:-

A. <u>റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല, റോഡ് നിർമ്മാണത്തിൽ വ്യക്തമായ ആസൂത്രണമില്ല</u>

പതിമൂന്നാം പഞ്ചവത്സര പദ്ധതി ആദ്യവാർഷിക പദ്ധതി(2017-18) മാർഗ്ഗരേഖ ജി.ഒ (എം.എസ്) നം.72/2017/തസ്വഭവ, 29.03.17 ഖണ്ഡിക 12.10.1 പ്രകാരം, ഓരോ തദ്ദേശ സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കേണ്ടതുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം റോഡ് കണക്ടിവിറ്റി ഭൂപടമോ, പദ്ധതിയോ തയ്യാറാക്കിയിട്ടില്ല. റോഡ് കണക്ടിവിറ്റി പ്ലാനിന്റെ അഭാവത്തിൽ ഫണ്ട് വാർഡ് തലത്തിൽ വീതം വച്ച് പോകുകയും കണക്ടിവിറ്റി ഇല്ലാത്ത റോഡ് വികസനം പാഴ്ച്ചെലവായി മാറുകയും ചെയ്യും എന്നതിനാൽ, പഞ്ചായത്തിനെ ഒരു ഏകീകൃത യൂണിറ്റായി കണക്കാക്കിക്കൊണ്ട് സർക്കാർ നിർദ്ദേശ പ്രകാരമുള്ള റോഡ് കണക്ടിവിറ്റി മാപ്പും റോഡുകളുടെ പട്ടികയും അടിയന്തിരമായി തയ്യാറാക്കേണ്ടതാണ്.

നിർവ്വഹണം നടത്തിയിട്ടുള്ള റോഡ് ടാറിംഗ് പ്രോജക്ടുകൾ ഭൗതിക പരിശോധന നടത്തിയതിൽ റോഡുകൾക്ക് ഡ്രെയിനേജ് സൗകര്യമില്ലാത്തതിനാൽ പലയിടത്തും വെള്ളക്കെട്ട് രൂപപ്പെട്ടിരിക്കുന്നതായി കണ്ടു, ഇത് റോഡുകൾ അതിവേഗം നശിക്കുന്നതിന് ഇടയാക്കുന്നതാണ്. റോഡുകൾക്ക് ഡ്രെയിനേജ് സൗകര്യം ഉറപ്പാക്കുന്നതിനും പാടശേഖരങ്ങൾക്കും വെള്ളക്കെട്ടുകൾക്കും സമീപമുള്ള റോഡ് ഭാഗങ്ങളിൽ സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.



(ഡ്രെയിനേജില്ലാത്തതിനാൽ വെള്ളക്കെട്ടായി മാറിയ പഞ്ചായത്ത് ഓഫീസിനോട് ചേർന്നുള്ള കാരിശ്ശേരിൽ പഞ്ചായത്ത് ഓഫീസ് റോഡ്)

B.<u>റീടെണ്ടർ നടപടികൾ- സുതാര്യതയില്ല:</u>

പ്രോജക്ടുകളിലുൾപ്പെട്ട പ്രവർത്തികൾക്കായി റീടെണ്ടർ ചെയ്യുമ്പോൾ, ആദ്യ ടെണ്ടറിൽ ലഭിച്ചതിലും ഉയർന്ന തുകയ്ക്കുള്ള ടെണ്ടർ (അല്ലെങ്കിൽ എസ്റ്റിമേറ്റ് നിരക്ക്) അംഗീകരിക്കുന്നതിലൂടെ നഷ്ടമുണ്ടാകുന്നതായി ആവർത്തിച്ച് കാണുന്നുണ്ട്.

ഉദാ:- മൃഗാശുപത്രി അറ്റ കുറ്റപ്പണിയ്ക്ക് എസ്റ്റിമേറ്റ് തുകയിലും 2.5%കുറവും, 68-ാം നമ്പർ അംഗൻവാടി അറ്റകുറ്റപ്പണിക്ക് എസ്റ്റിമേറ്റ് തുകയിലും 6.5% കുറവും വീതമാണ് ആദ്യ ടെണ്ടറുകളിൽ ലഭിച്ചുകാണുന്നത്. ഒരു ടെണ്ടർ മാത്രം ലഭിച്ച സാഹചര്യത്തിൽ പിന്നീട് 15ദിവസത്തിനകം റീടെണ്ടർ ചെയ്യുകയും ഉയർന്ന നിരക്ക് (എസ്ററിമേററ് നിരക്ക്) അംഗീകരിക്കപ്പെടുകയുമാണ് ചെയ്തിട്ടുള്ളത്. കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ആദ്യ ബിഡറെ റീടെണ്ടർ വിവരം രേഖാമൂലം അറിയിച്ചതായി കാണുന്നില്ല. ഇതിലേക്ക് ജി.ഒ (പി)324/15/ധന, 30.07.15 പ്രകാരമുള്ള സർക്കാർ നിർദ്ദേശം പാലിച്ചുകൊണ്ട് ടെണ്ടർ നടപടികളിലെ സുതാര്യത ഉറപ്പാക്കപ്പെടേണ്ടതാണ്.

C. <u>ആസ്തി വിവരങ്ങൾ-കണക്കുകൾ കാലികമാക്കിയിട്ടില്ല, അടിസ്ഥാന സൗകര്യ വികസനത്തിന് ഊന്നൽ നല്കുന്നില്ല:</u>

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ലെന്ന് കാണുന്നു. 2017-18വർഷം പുതുതായി വന്നിട്ടുള്ള ആസ്തികൾ യാതൊന്നും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. അതേ പോലെ, ഗ്രാമപഞ്ചായത്തിന് പൊതുശൗചാലയങ്ങളും വണ്ടിത്താവളങ്ങളും ഇല്ല എന്നാണ് ഓഡിറ്റിനെ അറിയിച്ചിട്ടുള്ളത്. പദ്ധതിപ്പണം അടിസ്ഥാന സൗകര്യ വികസനത്തിന് ഉതകുന്ന വിധത്തിലുള്ള ആസ്തി രൂപീകരണത്തിലേക്ക് ഉപയോഗപ്പെടുത്തുന്നതിനും ആസ്തിവിവരങ്ങൾ കാലികമാക്കുന്നതിനും, കൂടുതൽ ഊന്നൽ നല്കേണ്ടതാണ്.

D.പ്രോജക്ട് ഫയലുകളിലെ പൊതു അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ ഫയലുകളിൽ കാണുന്ന പൊതുവായ ചില അപാകതകൾ ചുവടെ ചേർക്കുന്നു. ഇപ്രകാരമുള്ള അപാകതകൾ പ്രോജക്ടുകളുടെ സുതാര്യതയെയും ഫലപ്രാപ്തിയെയും പ്രതികൂലമായി ബാധിക്കുമെന്നതിനാൽ ടി ന്യൂനതകൾ ആവർത്തിക്കാതെ ശ്രദ്ധിക്കേണ്ടതാണ്.

1. പ്രോജക്ട് ഫയലിൽ പ്രവർത്തന കലണ്ടർ ഉൾപ്പെടുത്തുന്നില്ല

പ്രവർത്തികൾ ഏത് തീയതിക്കകം തീർപ്പാക്കണം എന്ന് വ്യക്തമാക്കുന്നില്ല. കൂടാതെ കരാർ രജിസ്ററിലും ഇതിനായുള്ള കോളം പൂരിപ്പിക്കാതെ ഒഴിച്ചിട്ടിരിക്കുന്നതായി കാണുന്നു. ടെണ്ടർ നോട്ടീസിലും പ്രവർത്തി ഏത് ദിവസത്തിനകം പൂർത്തിയാക്കണം എന്നത് പരാമർശിക്കുന്നില്ല. ഇതിൻറെ അഭാവത്തിൽ പ്രവർത്തികളുടെ കാലതാമസത്തിന്മേൽ പിഴ കണക്കാക്കിയിരിക്കുന്നത് സംബന്ധിച്ച് അവ്യക്തതയുണ്ട്. ഉദാ:- പുത്തൻ കണ്ടത്തിൽ പുത്തൻ വീട്ടിൽ നടപ്പാതയിൽ ഓടനിർമ്മാണം, ബിൽ നം.9പ്രകാരം പിൻവലിച്ചിട്ടുള്ള തുകയിൽ 1%പെനാലിററിയായി 1463/- കുറവ് വരുത്തിയിട്ടുണ്ട് (ആകെ ചെലവ് 146318) ഇത് കണക്കാക്കിയത് എപ്രകാരമെന്ന് വ്യക്തതയില്ല.

2. കരാർ പത്രങ്ങളിൽ ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തപ്പെടുന്നില്ല

ജാമ്യ നിക്ഷേപത്തുകയുടെ വിവരം ചേർക്കുന്നില്ല. എപ്രകാരമാണ് തുക ജാമ്യം വച്ചിട്ടുള്ളതെന്നോ എത്ര തുകയാണ് ഉള്ളതെന്നോ ഫയലിൽ രേഖപ്പെടുത്താതെ വരുന്നു. സാധാരണയായി, ഫയലുകളിൽ രേഖപ്പടുത്തൽ വരുത്തുന്നില്ലെങ്കിലും രജിസ്റ്ററുകളിൽ വിവരങ്ങൾ ഉൾപ്പെടുത്തുന്നുണ്ട്. എന്നാൽ, അപൂർവ്വമായി രജിസ്റ്ററുകളിലും രേഖപ്പെടുത്തൽ വിട്ടുപോകുന്നതായി കണ്ടു. ഉദാഹരണമായി, വാർഡ് 9ലെ അംഗൻവാടിയുടെ ഗ്രൗണ്ട് ഉയർത്തലും ടൈൽ പാകലും പ്രോജക്ട് ഫയലിൽ ജാമ്യനിക്ഷേപത്തുകയുടെ വിവരം ഉൾപ്പെടുത്തിയിരുന്നില്ല. മരാമത്ത് വിഭാഗത്തിൽ സൂക്ഷിക്കപ്പെടുന്ന സെക്യൂരിറ്റി ഡെപ്പോസിറ്റ് രജിസ്റ്ററിലും വിവരങ്ങൾ രേഖപ്പെടുത്തപ്പെടാതെ പോയിരുന്നു. (ഓഡിറ്റിൽ നിന്ന് അന്വേഷിച്ചതിനെ തുടർന്ന്, പ്ലെഡ്ജ് ചെയ്തിട്ടുള്ള ട്രഷറി പാസ്ബുക്ക്) പരിശോധനയ്ക്ക് ഹാജരാക്കി.

3. ഫയലുകളിലും പ്രവർത്തികളിലുമുള്ള മറ്റ് അപാകതകൾ

കരാർ പത്രങ്ങളിൽ സാക്ഷികൾ ഒപ്പിടുന്നില്ല. ടെണ്ടർ ക്ഷണിച്ചതിന്റെ വിവരം ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. ഉദാ:- പി.എച്ച്.സി-ക്ക് ചുറ്റുമതിൽ നിർമ്മാണം(എസ്0005/18), ഇതേ പ്രോജക്ടിൽ തന്നെ, സൈറ്റ് കൈമാറിയതിന്റെ രേഖയിൽ കരാറുകാരൻ ഒപ്പിട്ടിട്ടില്ലെന്നും കാണുന്നു. ഇതിന് പുറമേ, പ്രോജക്ടുകൾക്കൊപ്പമുള്ള കരാർ പത്രങ്ങളിൽ കരാർ മാതൃകയിലുള്ള പൂർത്തീകരണ കാലാവധിയും പിഴയുമായി ബന്ധപ്പെട്ട ഭാഗം കാലഹരണപ്പെട്ടതാണെന്നും കാണുന്നു. ആയത് കാലികമാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

പി.എച്ച്.സി-ക്ക് ചുറ്റുമതിൽ നിർമ്മാണം എന്ന പ്രോജക്ടിൽ ആകെ 457369/-രൂപ ചെലവഴിക്കപ്പെട്ടുവെങ്കിലും ചുറ്റുമതിൽ നിർമ്മാണം കേവലം രണ്ട് വശങ്ങളിൽ മാത്രമായി ചുരുങ്ങിയത് മൂലം പി.എച്ച്.സി-യ്ക്ക് അടച്ചുറപ്പ് ലഭിക്കാത്തതിനാൽ നിർമ്മാണം മൂലം ഉദ്ദേശിച്ച ഫലം ഉളവാകുന്നില്ലെന്ന് ഭൗതിക പരിശോധനയിൽ ബോധ്യപ്പെട്ടു. ഇപ്രകാരമുള്ള പ്രവർത്തികൾ പൂർണ്ണമായ രൂപത്തിൽ നടപ്പിലാക്കാത്ത പക്ഷം നിഷ്പ്രയോജനകരമായി മാറുന്നതാണ്. വിഷയത്തിൽ ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. ഇതു സംബന്ധിച്ച്, എക്സിറ്റ് മീറ്റിംഗിൽ നടവഴിയുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ

കേസ് നിൽക്കുന്നതിനാലാണ് മതിലിന്റെ പണി പൂർത്തിയാക്കാൻ സാധിക്കാത്തത് എന്ന് അറിയിക്കുകയുണ്ടായി.

മരാമത്ത് വിഭാഗത്തിൽ ക്ലറിക്കൽ ജോലികൾക്കായി പ്രത്യേക ജീവനക്കാർ ഇല്ലാത്തത് ഫയലിൽ കാണുന്ന അപാകതകൾക്ക് ഒരു പ്രധാന കാരണമായി അനുമാനിക്കാവുന്നതാണ്. ടി വിഷയത്തിൽ ആവശ്യമായ നടപടികൾ ഭരണസമിതി സ്വീകരിക്കുന്നത് ഉചിതമായിരിക്കും.

## ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി

## 3-2 ക്ഷേമപെൻഷനുകൾ അനുവദിക്കുന്നതിലെ കാലതാമസ്സം സേവനാവകാശ നിയമം ലംഘിക്കപ്പെടുന്നു

A). പെൻഷൻ വിതരണം മോണിറ്റർ ചെയ്യപ്പെടുന്നില്ല

പ്രാഥമിക സംഘങ്ങൾ വഴി വിതരണം ചെയ്യുന്ന പെൻഷനുകളുടെ വിവരം സംബന്ധിച്ച് സംഘങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപന പ്രതിനിധികളും ഉൾപ്പെടുന്ന മോണിറ്ററിംഗ് കമ്മറ്റി പരിശോധന നടത്തുന്നില്ല. മോണിറ്ററിംഗ് കമ്മറ്റി രൂപീകരിച്ചിട്ടില്ല.

B). വാർദ്ധക്യ പെൻഷൻ അപേക്ഷകൾ സേവനാവകാശ നിയമ പ്രകാരമുള്ള സമയപരിധിക്കുള്ളിൽ തീർപ്പാക്കുന്നില്ല

2017-18 സാമ്പത്തിക വർഷം ആകെ 154 വാർദ്ധക്യകാല അപേക്ഷകൾ ലഭിച്ചു. ഇതിൽ 90 എണ്ണം അംഗീകരിച്ചു. അതിൽ 5എണ്ണം നിരസിച്ചു. വിവിധ കാരണങ്ങളാൽ വാർദ്ധക്യകാല പെൻഷൻ 62 എണ്ണം പരിശോധന കഴിഞ്ഞ് തിരികെ ലഭിക്കാനുണ്ട്. സേവനാവകാശ നിയമപ്രകാരമുള്ള സമയപരിധിക്കുള്ളിൽ നടപടി പൂർത്തിയാക്കുന്നതിന് ബന്ധപ്പെട്ട സെക്ഷനോ, മേൽനോട്ട ചുമതലയുള്ള ജീവനക്കാരനോ, സ്റ്റാന്റിംഗ് കമ്മറ്റിയോ ശ്രദ്ധ ചെലുത്തിയിട്ടില്ല. വാർദ്ധക്യകാല പെൻഷൻ സംബന്ധിച്ച് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ഇടപെടൽ അപര്യാപ്തമാണ്. പെൻഷൻ അംഗീകരിക്കുന്ന വിവരം മിനിട്സിൽ രേഖപ്പെടുത്തുന്നതല്ലാതെ ലഭിച്ച അപേക്ഷകളിൽ യഥാസമയം നടപടി സ്വീകരിക്കുന്നുണ്ടോ, ഏതെങ്കിലും ഘട്ടത്തിൽ തടസ്സം ഉണ്ടോ എന്നീ കാര്യങ്ങൾ കമ്മറ്റി വിലയിരുത്തിയിട്ടില്ല.

തീർപ്പാക്കാത്ത അപേക്ഷകളുടെ വിവരം

| കൈപ്പറ്റിയ തീയതി | അപേക്ഷകളുടെ എണ്ണം | പരിശോധനാ ഉദ്യോഗസ്ഥന കൈമാറിയ തീയതി | പരിശോധനാ ഉദ്യോഗസ്ഥന്റെ പേര്./തസ്തിക | പരിശോധനാ ഉദ്യോഗസ്ഥൻ തിരികെ നൽകിയ തീയതി. | അഭിപ്രായം |
|---|---|---|---|---|---|
| 31-10-2017 | 2 | 31-10-2017 | ജുൾഫിൻ യോഗി /വി.ഇ.ഒ. | നൽകിയില്ല | |
| 02-11-2017 | 1 | 02-11-2017 | ജുൾഫിൻ യോഗി /വി.ഇ.ഒ. | നൽകിയില്ല | |
| 03-11-2017 | 1 | 03-11-2017 | ജുൾഫിൻ യോഗി | നൽകിയില്ല | |

| | | | | | |
|---|---|---|---|---|---|
| | | | /വി.ഇ.ഒ. | | |
| 04-11-2017 | 1 | 04-11-2017 | ജൂൾഫിൻ യോഗി /വി.ഇ.ഒ. | നൽകിയില്ല | |
| 08-11-2017 | 3 | 08-11-2017 | ജൂൾഫിൻ യോഗി /വി.ഇ.ഒ. | നൽകിയില്ല | |
| 08-11-2017 | 2 | 08-11-2017 | രാജീവ്/വി.ഇ.ഒ | നൽകിയില്ല | |
| 09-11-2017 | 3 | 09-11-2017 | ജൂൾഫിൻ യോഗി /വി.ഇ.ഒ. | നൽകിയില്ല | |
| 10-11-2017 | 1 | 10-11-2017 | രാജീവ്/വി.ഇ.ഒ | നൽകിയില്ല | |
| 13-11-2017 | 2 | 13-11-2017 | ജൂൾഫിൻ യോഗി /വി.ഇ.ഒ. | നൽകിയില്ല | |
| 14-11-2017 | 1 | 14-11-2017 | ജൂൾഫിൻ യോഗി /വി.ഇ.ഒ. | നൽകിയില്ല | |
| 16-11-2017 | 1 | 16-11-2017 | ജൂൾഫിൻ യോഗി /വി.ഇ.ഒ. | നൽകിയില്ല | |
| 25-11-2017 | 1 | 21-12-2017 | രാജീവ്/വി.ഇ.ഒ | നൽകിയില്ല | |
| 29-11-2017 | 1 | 29-11-2017 | ജൂൾഫിൻ യോഗി /വി.ഇ.ഒ. | നൽകിയില്ല | |
| 30-11-2017 | 1 | 30-11-2017 | ജൂൾഫിൻ യോഗി /വി.ഇ.ഒ. | നൽകിയില്ല | |
| 30-11-2017 | 1 | 30-11-2017 | രാജീവ്/വി.ഇ.ഒ | നൽകിയില്ല | |
| 04-12-2017 | 2 | 04-12-2017 | ജൂൾഫിൻ യോഗി /വി.ഇ.ഒ. | നൽകിയില്ല | |
| 05-12-2017 | 1 | 21-12-2017 | രാജീവ്/വി.ഇ.ഒ | നൽകിയില്ല | |
| 06-12-2017 | 1 | 06-12-2017 | ജൂൾഫിൻ യോഗി /വി.ഇ.ഒ. | നൽകിയില്ല | |
| 11-12-2017 | 1 | 11-12-2017 | ജൂൾഫിൻ യോഗി /വി.ഇ.ഒ. | നൽകിയില്ല | |
| 13-12-2017 | 2 | 13-12-2017 | ജൂൾഫിൻ യോഗി /വി.ഇ.ഒ. | നൽകിയില്ല | |
| 16-12-2017 | 1 | 16-12-2017 | ജൂൾഫിൻ യോഗി /വി.ഇ.ഒ. | നൽകിയില്ല | |
| 19-12-2017 | 1 | 19-12-2017 | ജൂൾഫിൻ യോഗി /വി.ഇ.ഒ. | നൽകിയില്ല | |
| 21-12-2017 | 1 | 03-02-2017 | രാജീവ്/വി.ഇ.ഒ | നൽകിയില്ല | |
| 03-01-2018 | 2 | 03-01-2018 | ജൂൾഫിൻ യോഗി /വി.ഇ.ഒ. | നൽകിയില്ല | |

| | | | | | |
|---|---|---|---|---|---|
| 04-01-2018 | 1 | 03-02-2018 | രാജീവ്/വി.ഇ.ഒ | നൽകിയില്ല | |
| 05-01-2018 | 1 | 05-01-2018 | ജുൾഫിൻ യോഗി /വി.ഇ.ഒ. | നൽകിയില്ല | |
| 06-01-2018 | 1 | 06-01-2018 | ജുൾഫിൻ യോഗി /വി.ഇ.ഒ. | നൽകിയില്ല | |
| 22-01-2018 | 2 | 22-01-2018 | രാജീവ്/വി.ഇ.ഒ | നൽകിയില്ല | |
| 22-01-2018 | 1 | 22-01-2018 | ജുൾഫിൻ യോഗി /വി.ഇ.ഒ. | നൽകിയില്ല | |
| 30-01-2018 | 1 | 30-01-2018 | ജുൾഫിൻ യോഗി /വി.ഇ.ഒ. | നൽകിയില്ല | |
| 31-01-2018 | 1 | 03-02-2018 | രാജീവ്/വി.ഇ.ഒ | നൽകിയില്ല | |
| 03-02-2018 | 1 | 02-03-2018 | രാജീവ്/വി.ഇ.ഒ | നൽകിയില്ല | |
| 03-02-2018 | 1 | 02-03-2018 | രാജീവ്/വി.ഇ.ഒ | നൽകിയില്ല | |
| 09-02-2018 | 1 | 02-03-2018 | രാജീവ്/വി.ഇ.ഒ | നൽകിയില്ല | |
| 16-02-2018 | 1 | 16-02-2018 | ജുൾഫിൻ യോഗി /വി.ഇ.ഒ. | നൽകിയില്ല | |
| 21-02-2018 | 1 | 02-03-2018 | രാജീവ്/വി.ഇ.ഒ | നൽകിയില്ല | |
| 24-02-2018 | 1 | 02-03-2018 | രാജീവ്/വി.ഇ.ഒ | നൽകിയില്ല | |
| 24-02-2018 | 1 | 02-03-2018 | രാജീവ്/വി.ഇ.ഒ | നൽകിയില്ല | |
| 13-03-2018 | 1 | 25-04-2018 | രാജീവ്/വി.ഇ.ഒ | നൽകിയില്ല | |
| 15-02-2018 | 1 | 25-04-2018 | രാജീവ്/വി.ഇ.ഒ | നൽകിയില്ല | |
| 15-03-2018 | 1 | 25-04-2018 | രാജീവ്/വി.ഇ.ഒ | നൽകിയില്ല | |
| 24-03-2018 | 1 | 25-04-2018 | രാജീവ്/വി.ഇ.ഒ | നൽകിയില്ല | |
| 27-03-2018 | 1 | 25-04-2018 | രാജീവ്/വി.ഇ.ഒ | നൽകിയില്ല | |
| 27-03-2018 | 1 | 25-04-2018 | രാജീവ്/വി.ഇ.ഒ | നൽകിയില്ല | |
| 31-03-2018 | 5 | 31-03-2018 | ജുൾഫിൻ യോഗി /വി.ഇ.ഒ. | നൽകിയില്ല | |
| 31-03-2018 | 1 | 25-04-2018 | രാജീവ്/വി.ഇ.ഒ | നൽകിയില്ല | |
| ആകെ | 62 | | | | |

ഒക്ടോബർ മാസം ലഭിച്ച അപേക്ഷകൾ പോലും ഇതു വരെ അന്വേഷിച്ച് തിരികെ നൽകിയിട്ടില്ല. ഈ മാസങ്ങളിൽ പെൻഷൻ അപേക്ഷകൾ കൈപ്പറ്റിയ ഉദ്യാഗസ്ഥനായ ശ്രീ.ജുൾഫിൻ യോഗി വി.ഇ.ഒ. അന്വേഷണം നടത്താതെ ഒക്ടോബർ മുതലുള്ള അപേക്ഷകൾ തിരികെ നൽകി റിലീവ് ചെയ്ത് പോകുകയുണ്ടായി. എന്നാൽ അധികാരസ്ഥാനങ്ങളിൽ നിന്ന് യാതൊരു നടപടിയും ഉണ്ടായതായി കാണുന്നില്ല. പഞ്ചായത്ത് ഓഫീസിൽ ലഭിച്ച അപേക്ഷകൾ അന്വേഷണത്തിനായി നൽകിയതിലും കാലതാമസം ഉണ്ടായിട്ടുണ്ട്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

(C) അംഗൻവാടി നവീകരണത്തിന് പി.ഡബ്ല്യു.ഡി യ്ക്ക് ഡെപ്പോസിറ്റ് ചെയ്ത തുക വിനിയോഗിച്ചിട്ടില്ല

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായ പ്രോജക്ട് നം. 91/18 പ്രകാരം അംഗൻവാടി നം. 64, 65, 66, 71, 72 എന്നിവയുടെ നവീകരണത്തിനായി 2,00,000/-രൂപ പി.ഡബ്ല്യൂ.ഡി-യ്ക്ക് കൈമാറിയിരുന്നു. എന്നാൽ നവീകരണം പൂർത്തിയായതായുള്ള രേഖകൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. വിനിയോഗ വിവരങ്ങളുടെ അഭാവത്തിൽ ചെലവുതുക തടസ്സപ്പെടുത്തുന്നു.

## 3-3 ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ്കമ്മറ്റി

A. ആശുപത്രികളുടെ സ്റ്റാറ്റസ്സ് റിപ്പോർട്ട് പ്രകാരമുള്ള അപര്യാപ്തതകൾ

| ക്രമനം | വിഭാഗം | സ്റ്റാറ്റസ്സ് റിപ്പോർട്ട് പ്രകാരമുള്ള അപര്യാപ്തതകൾ |
|---|---|---|
| 01 | അലോപ്പതി | ലാബ് സൌകര്യം ഇല്ല, വാഹനം ഇല്ല. അറ്റകുറ്റപ്പണി ആവശ്യമാണ്. |
| 2 | ആയുർവേദം | ലാബ് സൌകര്യം ഇല്ല, ജീവനക്കാരുടെ എണ്ണം പര്യാപ്തമല്ല. നഴ്സിംഗ് വിഭാഗത്തിന്റെയും തെറാപ്പിസ്റ്റ്, ക്ലർക്ക് എന്നിവരുടെ അഭാവം, മാലിന്യ സംസ്കരണ സംവിധാനം ഇല്ല. മരുന്നുകളുടെ ദൗർലഭ്യം, ടോക്കൺ സംവിധാനം ഇല്ലാത്തത്. അറ്റകുറ്റപ്പണി ആവശ്യമാണ്. |
| 3 | ഹോമിയോപ്പതി | സ്പെഷ്യാലിറ്റി ഒ.പിക്കാവശ്യമായ മരുന്നില്ല. ഹോംകോയിൽ നിന്ന് മരുന്ന് ലഭിക്കുന്നതിനുള്ള കാലതാമസ്സം. ലാബ് സൌകര്യം ഇല്ല, ജീവനക്കാരുടെ എണ്ണം പര്യാപ്തമല്ല. നഴ്സിംഗ് വിഭാഗത്തിന്റെയും തെറാപ്പിസ്റ്റ്, ക്ലർക്ക് എന്നിവരുടെയും അഭാവം. മാലിന്യ സംസ്കരണ സംവിധാനം ഇല്ല. ടോക്കൺ സംവിധാനം ഇല്ലാത്തത്. അറ്റകുറ്റപ്പണി ആവശ്യമാണ്. |

സ്റ്റാറ്റസ്സ് റിപ്പോർട്ട് പ്രകാരമുള്ള അപര്യാപ്തതകൾ സംബന്ധിച്ച് ആരോഗ്യ സ്റ്റാന്റിംഗ് കമ്മറ്റി കാര്യമായ ചർച്ചകൾ നടത്തിയതായി മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല. മരുന്ന് വാങ്ങലിനും,

അറ്റകുറ്റപ്പണികൾക്കുമായി ചില പ്രോജക്ടുകൾ നിർദ്ദേശിക്കുക മാത്രമാണ് സ്റ്റാന്റിംഗ് കമ്മറ്റി ചെയ്തിട്ടുള്ളത്. മരുന്നു വാങ്ങലിനായി വിവിധ ഏജൻസികൾക്ക് മുൻകൂർ തുക നൽകി എങ്കിലും മാസങ്ങൾക്കു ശേഷവും മരുന്ന് പൂർണമായും ലഭിക്കാത്ത അവസ്ഥയുണ്ട്. ഹോമിയോ മരുന്നുകൾ ഒന്നുതന്നെ ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. മരുന്നിന്റെ ലഭ്യത സംബന്ധിച്ച് ബന്ധപ്പെട്ട് മോണിറ്ററിംഗ് സമതി യാതൊരു മോണിറ്ററിംഗും നടത്തിയിട്ടില്ല. പഞ്ചായത്തിന്റെ പടിഞ്ഞാറൻ മേഖലകളിൽ ക്യാൻസർ രോഗികളുടെ എണ്ണം കൂടുതലാണെന്നു കാണുന്നു. ക്യാൻസർ പ്രതിരോധ ബോധവത്കരണ ക്ലാസ്സുകൾ, ക്യാൻസർ നിർണ്ണയ ക്യാമ്പുകൾ, രോഗചികിത്സാ മാർഗ്ഗങ്ങൾ ഇവക്കായി പ്രോജക്ടുകൾ ആവശ്യമാണെങ്കിലും ഇത്തരത്തിലുള്ള നിർദ്ദേശങ്ങൾ വർക്കിംഗ് ഗ്രൂപ്പുകളുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. പാലിയേറ്റീവ് പദ്ധതിക്കായി തുക ചെലവഴിച്ചിട്ടുണ്ട്. പാലിയേറ്റീവ് നഴ്സിന്റെ ഹോണറേറിയം വർദ്ധിപ്പിച്ച തുക, അർഹമായ യാത്രാചെലവ്, ഭക്ഷണത്തിനുള്ള ചെലവ് ഇവ നൽകുന്നതിന് പ്രോജക്ടിൽ തുക ഉൾക്കൊള്ളിച്ചിട്ടില്ല.

B. ലഭിക്കാത്ത മരുന്നുകളുടെ വിവരം

| ക്രമനം | വിഭാഗം | തുക കൈപ്പറ്റിയ സ്ഥാപനം | നൽകിയ തുക/ബിൽനം.തീയതി. | ലഭ്യമായ മരുന്നിന്റെ മൂല്യം | ലഭിക്കാനുള്ള മരുന്നിന്റെ മൂല്യം |
|---|---|---|---|---|---|
| 01 | അലോപ്പതി | KMSCL ഹരിപ്പാട് | 50000 2/2017-18 dt.31-8-2017 | 50000 | 0 |
| 02 | ,, | KMSCL കൊല്ലം. | 50000 5/17-18 dt.28-9-2017 | 36491 | 13509 |
| 3 | ,, | | 20000 | 17644 | 2356 |
| 4 | ആയുർവേദം | ഔഷധി, തൃശ്ശൂർ | 150000 bill.no.7/2017 dt.14-2-2018 | 108756 | 41244 |
| 04 | ഹോമിയോപ്പതി | ഹോമിയോ ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ | 150000 bill.no.1/17-18 dt.21-2-2018 | 0 | 150000 |

C. <u>അറ്റകുറ്റപ്പണിക്കായുള്ള പ്രോജക്ടുകൾ</u>

| ക്രമനം. | പ്രോജക്ട്നം.&പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1 | 3/17-18 ഗവ.ആയുർവേദ ഹോസ്പിറ്റൽ റീവയറിംഗ് | 50000 | 44208 |

| | | | |
|---|---|---|---|
| 2 | 5/17-18<br>പി.എച്ച്.സി.ചുറ്റുമതിൽ നിർമ്മാണം | 557254 | 457369 |
| | ആകെ. | 607254 | 501577 |

ആശുപത്രികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി 607254 രൂപയുടെ പ്രോജക്ടുകളും തയ്യാറാക്കിയിരുന്നു. എന്നാൽ ഇവയൊന്നും ഈ സ്ഥാപനങ്ങളുടെ ശോച്യാവസ്ഥ പരിഹരിക്കത്തക്കവയായിരുന്നില്ല എന്നു കാണാം. ഒരു സ്ഥാപനത്തിന്റെ അപര്യാപ്തതകൾ പൂർണ്ണമായും കൃത്യതപ്പെടുത്തി അവ പൂർത്തിയാക്കുന്ന രീതിയിൽ ആവശ്യകത അനുസരിച്ച് ഒരു മുൻഗണനാക്രമത്തിൽ പ്രോജക്ടുകൾ ഓരോ വർഷവും തയ്യാറാക്കിയാൽ ഒരു പഞ്ചവത്സര പദ്ധതി കാലയളവിൽ തന്നെ അപര്യാപ്തതകൾ പരിഹരിച്ച് കുറ്റമറ്റ നിലവാരത്തിലേക്ക് സ്ഥാപനങ്ങളെ കൈപിടിച്ച് ഉയർത്താൻ സാധിക്കും. ഇതിനുപകരം ഓരോ വർഷവും ഓരോ സ്ഥാപനത്തിന്റെയും അല്പാല്പം പണികൾ ചെയ്ത് അവ പ്രയോജനപ്പെടുത്താത്ത അവസ്ഥ സൃഷ്ടിക്കുന്ന രീതിയാണ് ആവർത്തിച്ചു വരുന്നത്. ഭരണസമതിയുടെയും ആരോഗ്യ സ്റ്റാന്റിംഗ് കമ്മറ്റിയിടേയും, വർക്കിംഗ് -മോണിറ്ററിംഗ് ഗ്രൂപ്പുകളുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

## 3-4 കുടിവെള്ള പ്രോജക്ടുകൾ - ഡെപ്പോസിറ്റ് തുക വിനിയോഗിക്കപ്പെട്ടിട്ടില്ല. 32,41,000/-രൂപ തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രോജക്ട് നം.107/18 പ്രകാരം ആർ.ഒ.പ്ലാന്റ് നിർമ്മാണത്തിനായി 18,75,000/-രൂപയും പ്രോജക്ട് നം. 39/18 പ്രകാരം പൈപ്പ് ലൈൻ നീട്ടുന്നതിനായി 13,66,000/-രൂപയും വാട്ടർ അതോറിറ്റിയ്ക്ക് ഡെപ്പോസിറ്റ് നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തികൾ പൂർത്തിയായി, വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ലാത്തതിനാൽ ഈയിനത്തിലെ ചെലവ് 32,41,000/-രൂപ തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2017-18 | 481900 | പ്രോജക്ട് നം.100/18<br>ലൈഫ് പദ്ധതി | 185900 | 296000 |
| | 2016-17 | 500 | പ്രോജക്ട് നം.60/18<br>ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്. | 500 | - |
| | 2017-18 | 95000 | ,, | 66425 | 28575 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 2017-18 | 75000 | പ്രോജക്ട് നം.51/18<br>പാലിന് സബ്സിഡി | 75000 | - |
| ബ്ലോക്ക്പഞ്ചായത്ത് | 2017-18 | 66925 | പ്രോജക്ട് നം.60/18<br>ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്. | 66925 | - |
| ബ്ലോക്ക്പഞ്ചായത്ത് | 2016-17 | 520000 | പ്രോജക്ട് നം.9/18<br>വില്ലേജ് ഓഫീസ്-കൊച്ചുവീട്ടിൽ -പാലോത്തറ-അംഗനവാടി റോഡ് ടാറിംഗം റീടാറിംഗം. | 520000 | - |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവർത്തി നടത്തുന്നതിന് മുൻകൂർ നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു,

| നിർവഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൌച്ചർ നം. | നൽകിയ തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി, കാർത്തികപ്പള്ളി | പ്രോജക്ട് നം.52/18<br>തെരുവ് വിളക്ക് ലൈൻ നീട്ടൽ. | 21700737 | 216050 | 216050 | - |
| മുതുകുളം | | 21700756 | 168470 | 33950 | 134520 |
| ചേപ്പാട് | | 21700762 | 111860 | 111860 | - |
| വാട്ടർഅതോറിറ്റി | പ്രോജക്ട് നം.107/18<br>RO പ്ലാന്റ് നിർമ്മാണം | 21700564 | 1875000 | - | 1875000 |
| | പ്രോജക്ട് നം.39/18പൈപ്പ് ലൈൻ നീട്ടൽ | 21700728 | 1366000 | - | 1366000 |
| പൊതുമരാമത്ത് | പ്രോജക്ട് | 21700779 | 200000 | - | 200000 |

| | | | | | |
|---|---|---|---|---|---|
| | നം.91/18<br>അംഗനവാടി നവീകരണം | | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം. | ഈടാക്കിയ തുക. | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും. | രസീത് നം.<br>തീയതി. |
|---|---|---|---|
| 2012-13 | 49500/- | ശ്രീ.ബിജു.കെ.കെ.<br>വിഇഒ. | 117010500003/10.07.17 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ക്രമ നം | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം | പരാമർശം | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | 2003-04 | 3.4.7.1 | സാക്ഷരത ഫണ്ട് വിഹിതം വനിത റെഡിമെയ്ഡ് യൂണിറ്റിന് വകമാറ്റി നൽകി. | |

## 4-8 ചാർജ്ജ്-സർചാർജ്ജ് നടപടികളുടെ വിവരം

| ക്രമനം. | റിപ്പോർട്ട് വർഷം | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ | ചാർജ്ജ്/ സർചാർജ്ജ് | തുക | ഒടുക്ക് വിവരം | ബാക്കി | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | 1998-99<br>ഖ.30(1) | ഡോ.മോഹൻ കുമാർ | LF.3438/ Spl.Cell/ SC3/05 | 81278/- | | | ഈ ഓഫീസിലെ 10.12.14ലെ |

| ക്രമനം. | റിപ്പോർട്ട് വർഷം | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ | ചാർജ്ജ്/ സർചാർജ്ജ് | തുക | ഒടുക്ക് വിവരം | ബാക്കി | റിമാർക്സ് |
|---|---|---|---|---|---|---|---|
| | | വെറ്ററിനറി സർജൻ<br>മൃഗസംരക്ഷണ വകുപ്പ് | dated, 1.11.2003 | | | | എൽ.എഫ്.എ. പി11/1621 നമ്പർ കത്ത് പ്രകാരം ഖണ്ഡിക തീർപ്പാക്കിയിട്ടുണ്ട്. |
| 2 | 1998-99 ഖ.30(2) | ഡോ.മിനി, വെറ്ററിനറി സർജൻ, മൃഗസംരക്ഷണ വകുപ്പ്. | LF.3438/Spl.Cell /SC3/03 dated, 20.09.03 | 5184/- | 5184/-<br>(80039/32 dated, 7.11.02) | | |
| 3 | 1998-99 ഖ.25 | എസ്.പുഷ്കരൻ,<br>സെക്രട്ടറി,<br>പഞ്ചായത്ത് വകുപ്പ് | LF.3438/Spl.Cell /SC3/03 dated, 20.09.03 | 3858/- | 3858/- (DCRGൽ നിന്നും ഈടാക്കി) | | അക്കൌണ്ട് ജനറലിന്റെ 31.10.05ലെ P-01/AA /G/36332707(1)/953 നമ്പർ ഗ്രാറ്റുവിറ്റി പേയ്മെന്റ് ഓർഡർ പ്രകാരം 18137/-രൂപ ടിയാളുടെ DCRGൽ നിന്നും ഈടാക്കിയിട്ടുണ്ട്. |
| 4 | 2014-15<br>ഖ.3-1 | നിളാഹിരൻ,<br>അസിസ്റ്റന്റ് എഞ്ചിനീയർ | കെ.എസ്.എ. 12780/സ്പെ.സെൽ /സി.എഫ്.സി /ബി3/2015 dt. 15.02.18 | 15267/- | 15267/- രസീത് നം. 118010100117/ 12.04.18 | | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ)സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 37118513 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 36605893 |
| വരവിനങ്ങളിലുള്ള നഷ്ടം | 2462 |
| ചെലവിനങ്ങളിലുള്ള നഷ്ടം | ഇല്ല |

| | |
|---|---|
| | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3441000 |

(ബി).പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-4 | 2462 | | സുരേഷ്പ്രഭു, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2സി | 2,00,000 | ലക്ഷ്മി.എസ്.നായർ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 3-4 | 32,41,000 | സുരേഷ്പ്രഭു, സെക്രട്ടറി |
| ആകെ | 34,41,000 | |

(സി) കേന്ദ്ര-സംസ്ഥാനസർക്കാരുകൾ,മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.പി.സുരേഷ് പ്രഭു, സെക്രട്ടറി. | വിരമിച്ചു. | അശ്വതി, പെരുങ്ങാല(പി.ഒ.) കായംകുളം. |
| ലക്ഷ്മി.എസ്.നായർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ, ചിങ്ങോലി | - |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| | |
|---|---|
| 1997-98 | എൽ.എഫ്.ജി.എ5-1862/11, തീയതി - 28.01.12 |
| 1998-99(ചെലവ്) | എൽ.എഫ്.ജി.എ5-1862/11, തീയതി. 28.01.12 |
| 2006-07,<br>2007-08,<br>2008-09, 2009-10 | എൽ.എഫ്.ജി.എ5-1577/14, തീയതി – 12.05.14 |
| 2010-11 | എൽ.എഫ്.എ.പി3-652/12/19.09.12/02.11.12 |
| 2011-12 | എൽ.എഫ്.എ. പി.3-710/14/18.07.2014 |
| 2012-13 | എൽ.എഫ്.എ.പി-11/414/15/03.03.15/07.05.15 |
| 2013-14 | കെ.എസ്.എ.എ.പി.ഇസഡ്/പി11-1036/2015, തീയതി – 03.09.15 |
| 2014-15 | കെ.എസ്.എ.എ.എൽ.പി-പി11-766/2016, തീയതി – 07.07.16 |
| 2015-16 | കെ. എസ്.എ-എ.എൽ.പി-പി1-1257/16തീയതി, 2.11.16 |
| 2016-17 | കെ.എസ്.എ-എ.എൽ.പി-പി11-861/2017 തീയതി, 06.07.17 |

.

.

.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## അനുബന്ധം 1

•

കെ.എസ്.എ-എ.എൽ.പി./ജി.എ4-1126(3)/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
ആലപ്പുഴ-688011,
ഫോൺ: 0477 2252753
email: ddhglfalpy@gmail.com
തീയതി: 04.07.2018

ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018 /ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ചിങ്ങോലി ഗ്രാമ പഞ്ചായത്തിന്റെ

2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം 2

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ